# മാർത്തോമ്മാസ്ലീവാ

## മാനിക്കേയനോ?



റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ

# മുഖവുര

മാർത്തോമാ ക്രിസ്ത്യാനികളുടെ പൊതുചിഹ്നമായ മാർത്തോമ്മ ാസ്ലീവയെക്കുറിച്ച് അടുത്ത കാലത്ത് അടിസ്ഥാനരഹിതങ്ങളായ ചില ആരോപണങ്ങൾ ഉയർന്നു വന്നിരിക്കുന്നത് വിശ്വാസികളുടെ ഇടയിൽ ഇടർച്ചയ്ക്കും തെറ്റിദ്ധാരണകൾക്കും കാരണമായിട്ടുണ്ട്. ഈ സ്ലീവ മാനിക്കേയൻ ആണെന്നുള്ളതാണ് ഒരു പ്രധാന ആരോപണം. ഈ ആരോപണത്തിന്റെ പേരിൽ പല ഇടവകകളിലും ചില തല്പരകക്ഷികൾ കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ ശ്രമം നടത്തുന്നുണ്ട്. എന്നാൽ ഇക്കൂട്ടർ മേജർ ആക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 1998ൽ നിശബ്ദരായത് തങ്ങളുടെ ശബ്ദകോലാഹലങ്ങൾക്ക് അടിസ്ഥാനമില്ലെന്നു മനസ്സിലാക്കികൊണ്ടായിരിക്കണം. വിഷയാവതരണ രേഖയെപ്പറ്റിയുള്ള പ്രതികരണങ്ങളിൽ ഒരു രൂപതയും സ്ലീവയ്ക്ക് എതിരായി പ്രതികരിച്ചില്ലെന്നു മാത്രമല്ല, നാലു രൂപതകൾ ശക്തിയായി മാർത്തോമാ സ്ലീവയുടെ ഉപയോഗത്തെ പിൻതാങ്ങുകയും ചെയ്തു[1]. ചങ്ങനാശ്ശേരി അതിരൂപതയുടെ റിപ്പോർട്ടിൽ പറയുന്നതു ശ്രദ്ധിക്കുക: "പൈതൃകത്തിന്റെ മറ്റു കാര്യങ്ങളിലെന്നതുപോലെ മാർത്തോമാ കുരിശ് പോലുള്ള ചില കാര്യങ്ങളെക്കുറിച്ചുള്ള വിവാദങ്ങൾ അടിസ്ഥാനരഹിതമായും കൃത്രിമമായും ചിലർ കുത്തിപ്പൊക്കിയതാണ്"[2] കാഞ്ഞിരപ്പള്ളി രൂപതയുടെ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു: "മാർത്തോമാശ്ലീഹയുടെ കബറിടത്തിൽ മുദ്രിതവും മാർത്തോമാ പൈതൃകമുള്ള എല്ലാ സഭകളും അംഗീകരിച്ചതുമായ മാർത്തോമാ കുരിശിനെ നമ്മുടെ സഭ അഭിമാനാദരവുകളോടെ സ്വീകരിക്കേണ്ടതാണ്".[3] ഒരു ഗ്രൂപ്പിന്റെ ചർച്ചകളുടെ റിപ്പോർട്ടിൽ മാത്രമേ ഈ പ്രശ്നം പരാമർശിക്കപ്പെടുന്നുള്ളു. "സീറോ മലബാർ സഭയുടെ ഒരു പ്രതീകമായ മാർത്തോമാസ്ലീവയെ അവഹേളിക്കുകയോ അനാദരവോടെ കരുതുവാൻ ഇടനല്കുന്നതോ ആയ എല്ലാ വാഗ്വാദങ്ങളും സഭയുടെ സിനഡ് ഇടപെട്ട് ഉടനടി നിർത്തലാക്കണമെന്നും ഞങ്ങൾ ഏകയോഗമായി മെത്രാന്മാരുടെ സിനഡിനോട് അപേക്ഷിക്കുന്നു"[4]. സീറോ - മലബാർ സഭയിൽ മാർത്തോമാ സ്ലീവ ഉൾപ്പെടെ എല്ലാ കുരിശുകളും വണക്കയോഗ്യങ്ങളാണെന്നു പ്രസ്താവിച്ചുകൊണ്ട് മെത്രാന്മാരുടെ സൂനഹദോസ് ഈ വിവാദത്തിന് വിരാമം ഇട്ടിരിക്കുകയാണ്. എങ്കിലും തെറ്റിദ്ധാരണകൾ പരത്തുവാൻ ചിലർ തുടർന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതു ഖേദകരമാണ്.

മാർത്തോമാ ക്രിസ്ത്യാനികളുടെ സ്ലീവ വണക്കത്തെക്കുറിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സഹായമായിട്ടാണ് ഈ ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. റവ. ഫാ. ടോമി കരിയലക്കുളം M.C.B.S, റവ. ഡോ. സേവ്യർ കൂടപ്പുഴ, റവ. ഡോ. തോമസ് വഴുതനപ്പിള്ളി, റവ. ഫാ. തോമസ് തെക്കേക്കര എന്നിവർ ദുക്റാനയിൽ എഴുതിയ ലേഖനങ്ങൾ ആവർത്തനങ്ങൾ ഒഴിവാക്കി ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഡി.റ്റി.പി. ഭംഗിയായി നിർവ്വഹിച്ച സ്റ്റൈലസ് മീഡിയയ്ക്കും മുദ്രണം ഭംഗിയാക്കിയ K.E. പ്രിന്റേഴ്സിനും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

കോട്ടയം — ഡോ. തോമസ് മണ്ണൂരാംപറമ്പിൽ

11-11-1999

---

1. സീറോ- മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 1998, കൊച്ചി 1999, 058, 74, 93, 104
2. Ibid. p. 58
3. Ibid. p. 74
4. Ibid. p. 137

Printed at: K.E. Offset Press, Mannanam - 686561.
Ph: 0481 - 597050

# മാർത്തോമാസ്ലീവ മാനിക്കേയനോ?

സീറോമലബാർ സഭയുടെ ആരാധന ക്രമത്തിലും ആചാരാനുഷ്ഠാനങ്ങളിലും പ്രതീകങ്ങളിലും പാഷണ്ഡത ആരോപിക്കുവാനുള്ള പ്രവണത ഏതാനും വർഷങ്ങളായി വളർന്നുവരികയാണ്. പതിനാറാം നൂറ്റാണ്ടുമുതൽ വിദേശമിഷനറിമാർ പ്രകടിപ്പിച്ച ഈ പ്രവണത ഇന്ന് ചില സഭാതനയരിലേക്കു പകർന്നിരിക്കുകയാണ്. നൂറ്റാണ്ടുകൾ നിലനിന്ന ലത്തീൻ ആധിപത്യവും പരിശീലനവും മൂലം പാശ്ചാത്യമായതെന്തും ശരിയും സ്വന്തമായുള്ളതെല്ലാം തെറ്റുമാണെന്ന് അവർ ചിന്തിച്ചുവശായിരിക്കുന്നു.

കത്തോലിക്കാകൂട്ടായ്മയിൽ എല്ലാവ്യക്തിസഭകളും തുല്യരാണെന്നും എന്തെങ്കിലും കാരണത്താൽ അവ സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു വീണ്ടെടുക്കണമെന്നും രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉദ്ബോധിപ്പിക്കുന്നു. തന്മൂലം സീറോ മലബാർ സഭ ലത്തിനീകരണം വഴി നഷ്ടമാക്കിയ സ്വന്തം വ്യക്തിത്വം വീണ്ടെടുക്കാനുള്ള തീവ്ര ശ്രമത്തിലാണ്. എന്നാൽ മാർത്തോമാ ക്രിസ്ത്യാനികൾക്ക് സ്വന്തമെന്ന് ചരിത്രവും പാരമ്പര്യവും പഠിപ്പിക്കുന്ന പലതിനോടും ചിലർ എതിർപ്പു പ്രകടിപ്പിക്കുന്നു. ഇക്കൂട്ടർ തിരസ്ക്കരിക്കാൻ ശ്രമിക്കുന്ന ഒന്നാണ് മാർത്തോമാക്രിസ്ത്യാനികളുടെ പൊതു ചിഹ്നമായ മാർത്തോമാസ്ലീവ. അതിന്റെ പ്രതീകാത്മകമായ അർത്ഥവും അനന്യതയും മനസ്സിലാക്കാനുള്ള എളിയ ശ്രമമാണ് ഈ ചെറുഗ്രന്ഥം.

## കുരിശിനോടുള്ള ഭക്തി

ക്രൈസ്തവർക്ക് കുരിശ് തങ്ങളുടെ വിശ്വാസത്തിന്റെ പ്രതീകമാണ്. മൂന്നാം നൂറ്റാണ്ടിൽ അലക്സാൻഡ്രിയായിലെ ക്ലമന്റ് അതിനെ 'മിശിഹായുടെ അടയാളം' എന്നും വി.ആഗസ്തീനോസ് 'കർത്താവിന്റെ അടയാളം' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. 'കുരിശിന്റെ ഭക്തർ' എന്നു വിളിക്കപ്പെടത്തക്കവിധം അവർ അതിനോടു വലിയ ഭക്തി പ്രകടിപ്പിച്ചിരുന്നതായി വി. ആഗസ്തിനോസ് സാക്ഷിക്കുന്നു. 'കുരിശിന്റെ മതക്കാർ' എന്നാണ് തെർത്തുല്യൻ ക്രിസ്ത്യാനികളെ വിളിക്കുന്നത്.

## സ്ലീവ = ക്രൂശിതൻ

സ്ലീവ (കുരിശ്) എന്ന സുറിയാനിപദത്തിന്റെ അർത്ഥം 'ക്രൂശിതൻ' എന്നാകയാൽ അത് ഈശോ എന്ന വ്യക്തിയെ പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ടാണ് പൗരസ്ത്യസഭകളിൽ സ്ലീവയെ പുരോഹിതവസ്ത്രമായ ഊറാറ ധരിപ്പിക്കുന്നത്. പൗരസ്ത്യ സുറിയാനി സഭയുടെ ദു:ഖവെള്ളി യാഴ്ച ശുശ്രൂഷയിൽ സ്ലീവയെ കഴുകിത്തുടച്ചശേഷം ബലിപീഠത്തിൽ കിടത്തുന്നതും സ്ലീവ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിനുശേഷം കാർമ്മികൻ അതിനെ ബേമ്മയിൽ കിടത്തി വെള്ളത്തുണികൊണ്ടു പൊതി യുന്നതും ഈ വിശ്വാസം മൂലമാണ്. കുരിശിനെ മാർ സ്ലീവയെന്നും വിളി ക്കാറുണ്ടല്ലോ. 'എന്റെ കർത്താവ്' എന്നർത്ഥമുള്ള 'മാർ' വ്യക്തിയോടു ബഹുമാനം കാണിക്കാൻ ഉപയോഗിക്കുന്ന വിശേഷണമാണ്. അബ്ദീശോ (+1318) പറയുന്നു. " വധിക്കപ്പെട്ടവൻ, ആരാധ്യൻ എന്നീ വിശേഷണങ്ങൾ പോലെ മിശിഹായ്ക്കു ചേർന്ന വിശേഷണം തന്നെയാണ് ക്രൂശിതൻ എന്നത്. എന്നാൽ അത് മരത്തിനും സ്വർണ്ണത്തിനും വെള്ളിക്കും ചേർന്ന തല്ല. ക്രൂശിതനിലൂടെ രക്ഷയും നവീകരണവും കൈവന്നു എന്ന വിശ്വാ സമാണ് സഭയുടെ അടിസ്ഥാനം.... മുമ്പാകെയുള്ള വെറുമൊരു വസ്തു വിനോടല്ല, ക്രൂശിതനോടാണ്, അല്ല അതിലുപരി കുരിശുമരണത്തിനായി സ്വന്തം പുത്രനെ ഏല്പിച്ചുകൊടുത്ത പിതാവിനോടാണ് നാം പ്രാർത്ഥി ക്കുക"[1]. ഈ താദാത്മ്യം യാമപ്രാർത്ഥനയിൽ കാണാം: "സ്ലീവ ലോകത്തെ മുഴുവൻ ഭരിക്കുന്നു. അല്ലയോ, വിജ്ഞരും വിശുദ്ധരുമായ വൈദികരേ, ഇതാ ആടുകൾക്കു തലവനായി സ്ലീവ നിങ്ങളെ നിയമിച്ചിരിക്കുന്നു"[2]. വീണ്ടും "ഉന്നതങ്ങളിൽ വാഴുന്ന സ്ലീവായേ, ആഴങ്ങളെ സമാധാനപ്പെടു ത്തണമേ".[3] ഗ്രിഗറി നസ്യാൻസൻ, ജോൺ ക്രിസോസ്തോം തുടങ്ങിയ ഗ്രീക്ക് സഭാപിതാക്കൻമാർ ഈ താദാത്മ്യം വളരെ വ്യക്തമാക്കുന്നു. അവർ സ്ലീവയുടെ പ്രതീകമായി ഗ്രീക്ക് അക്ഷരമായ 'X'(വി) സ്വീകരിച്ചിരിക്കുന്നു. 'X' ആകട്ടെ ക്രിസ്തു (XPIσTOS) എന്ന വാക്കിന്റെ ആദ്യ അക്ഷരമാണ്.

## വിവിധതരം കുരിശുകൾ

Encyclopedia Heraldica എന്ന വിശ്വാവിജ്ഞാന കോശത്തിൽ W.Berry 385 തരം കുരിശുകളുണ്ടെന്നു പ്രസ്താവിക്കുന്നു. താവ് കുരിശ്, വി. അന്തോ നീസിന്റെ കുരിശ്, ഗ്രീക്ക് കുരിശ്, ലത്തീൻ കുരിശ്, കാൽവരിക്കുരിശ്, ആങ്കർകുരിശ്, മാൾട്ടിസ് കുരിശ്, മോളയിൻ കുരിശ്, ഗാമാകുരിശ്, ക്വാർട്ടർകുരിശ്, നെസ്തോറിയൻ കുരിശ്, എന്നിവ ഉദാഹരണങ്ങളാണ്.



കുരിശിനു നല്കപ്പെടുന്ന പ്രത്യേക അർത്ഥമനുസരിച്ചാണ് അതിനു പ്രത്യേക പേരുകളും വിശേഷണങ്ങളും രൂപങ്ങളും ഉണ്ടാകുന്നത്. കർത്താവ് ജീവിക്കുകയും സഹിക്കുകയും മരിക്കുകയും ചെയ്ത ജറുസ ലേമിൽതന്നെ ഉള്ള വിവിധ സഭകളുടെ കുരിശുകൾ വ്യത്യസ്തങ്ങളാണ്. അവിടെ ബൈസന്റൈയിൻ, അർമ്മേനിയൻ, സിറിയൻ, ലത്തീൻ എന്നീ സഭകളുടെയൊക്കെ കുരിശുകൾ ഉണ്ട്. അവയൊക്കെ പരസ്പരം വ്യത്യ സ്തമാണ്. നമ്മുടെ സഭയിൽ തന്നെ മലങ്കരസഭയിലേയും ലത്തീൻ സഭ യിലേയും സ്ലീവാകൾ വ്യത്യസ്തമാണല്ലോ. സീറോ മലബാർ സഭ യിൽതന്നെയുള്ള സന്യാസിനി സമൂഹങ്ങൾ തങ്ങളുടേതായ പ്രതീകങ്ങൾ ഉൾക്കൊള്ളുന്ന വിധത്തിലുള്ള കുരിശുകൾ ഉപയോഗിക്കുന്നതായി കാണാം. ഉദാഹരണത്തിന് കർമ്മലീത്താ സന്യാസിനികൾ (CMC)-സെന്റ് മർത്താസ് സന്യാസിനികൾ തുടങ്ങിയവർ. തങ്ങളുടെ സഭാവസ്ത്ര ത്തോടൊത്ത് തൂങ്ങപ്പെട്ടരൂപം ധരിക്കുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാ സിനികൾക്ക് കർത്താവിന്റെ കുരിശുമരണത്തോട് കൂടുതൽ ഭക്തിയു ണ്ടെന്ന് അവർ അവകാശപ്പെടുമെന്നു തോന്നുന്നില്ല. എല്ലാ കുരിശുകളും വണക്കയോഗ്യങ്ങളെങ്കിലും ഓരോരുത്തരും അവരവരുടെ കുരിശുകളാണ് ഉപയോഗിക്കുന്നത്. ലത്തീൻകാർ ഗ്രീക്ക് കുരിശ് ഔദ്യോഗികമായി ഉപ യോഗിക്കുന്നില്ല. നെസ്തോറിയർ ലത്തീൻ കുരിശ് ഉപയോഗിക്കുന്നില്ല. മാർത്തോമാക്രിസ്ത്യാനികൾ തങ്ങളുടെ പ്രത്യേക ദൈവശാസ്ത്രവീക്ഷ ണമനുസരിച്ച് രൂപകല്പനചെയ്യപ്പെട്ട കുരിശാണ് പരമ്പരാഗതമായി ഉപ യോഗിച്ചുകൊണ്ടിരിക്കുന്നത്.

## വെളിപാടിന്റെ പൂർണ്ണത

സ്ലീവകളെല്ലാം വെളിപാടിന്റെ ഉറവിടങ്ങളാണ്. എന്നാൽ മർത്തോമാ സ്ലീവ വെളിപാട് വളരെ പൂർണ്ണമായും നന്നായും നിർവഹിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീത്വത്തെയും പിതാവിന്റെ സൃഷ്ടികർമ്മത്തെയും പരിശുദ്ധാത്മാവിന്റെ പവിത്രീകരണത്തെയും പുത്രന്റെ തുടർച്ചയായ സഭയെയും സഭയെ കെട്ടിപ്പടുക്കുന്ന വചന ത്തെയും സഭയുടെ പ്രവൃത്തികളായ കൂദാശകളെയും സഭയുടെ മഹത്ത്വീകരണത്തെയും അതു വളരെ മനോഹരമായി വെളിപ്പെടുത്തുന്നു.


## മൂന്നു പടികൾ

മാർത്തോമാസ്ലീവയുടെ താഴെയുള്ള മൂന്നു പടികൾ ഗാഗുൽത്തായെ പ്രതിനിധാനം ചെയ്യുന്നു. വി. അപ്രേം പറയുന്നു."ഗാഗുൽത്താ മലമുക ളിൽ അവന്റെ സ്ലീവ അവർ ഉയർത്തി. അവർ താഴേക്കിറങ്ങി അതിന്റെ

ചുവട്ടിൽ നിന്നു ".[4] മാർ അപ്രേം ഗാഗുൽത്തായെയും സഭയേയും തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്: "അവന്റെ സഭയുടെ ദർപ്പണമാണ് ഗാഗുൽത്താ. അവൻ തന്റെ സത്യത്തിന്റെ ഉയരങ്ങളിൽ അതിനെ പണിതുയർത്തി. ഇന്നും സഭയുടെ അടിസ്ഥാനം ഗാഗുൽത്താ തന്നെ".[5] സ്ലീവയിൽ ഈശോ തന്റെ സഭയെ പൂർണ്ണയാക്കിയെന്ന് മാർ അപ്രേം പറയുന്നു: "ആണി കൊണ്ട് സ്ലീവയിൽ തറയ്ക്കപ്പെട്ടപ്പോൾ അവിടുന്നു തന്റെ സഭയുടെ പൂർണ്ണത നേടിയെടുത്തു".[6] ഗാഗുൽത്താ സഭയുടെ ജൻമസ്ഥലമാകയാൽ അത് സഭയുടെ പ്രതീകമാണ്. ബേമ്മയിലെ ഗാഗുൽത്തായിൽ വച്ചാണല്ലോ സഭയെ കെട്ടിപ്പടുക്കുന്ന ദൈവവചനം പ്രഘോഷിക്കപ്പെടുന്നത്. ആരാധന ക്രമം ഗാഗുൽത്തായെയും പറുദീസയെയും തമ്മിൽ ബന്ധിപ്പിക്കുന്നു. "പറുദീസയിൽ ഫലം നീട്ടപ്പെട്ടു. വൃക്ഷം മനുഷ്യനു മരണം നല്കി. ഗാഗുൽത്തായിൽ കൈ നീട്ടപ്പെട്ടു. സ്ലീവ മനുഷ്യന് ഉത്ഥാനം പ്രദാനം ചെയ്തു"[7]. കാൽവരി പറുദീസായും ഈശോ ആദവുമാണെന്ന് യാമപ്രാർത്ഥന പറയുന്നു[8].

## ഇലകൾ

മൂന്നു പടികളുടെ മുകളിലുള്ളത് ഇലകളാണന്നു കരുതുന്നവരുണ്ട്. ഇലകൾ തോട്ടത്തെ സുചിപ്പിക്കുന്നു. ഗാഗുൽത്താ തോട്ടമായിരുന്നല്ലോ (യോഹ 19,41) ആ തോട്ടം പറുദീസയെ പ്രതിനിധാനം ചെയ്യുന്നു. പറുദീസയിലെ ജീവന്റെ വൃക്ഷത്തിന്റെ സ്ഥാനത്ത് ഗാഗുൽത്തായിലെ ജീവന്റെ വൃക്ഷമായ സ്ലീവ നിലകൊള്ളുന്നു. മാർ അപ്രേം പറയുന്നു: "ദീപ്തിമത്തും വീര്യമുള്ളതുമായ ജീവൻ നമ്മുടെ വംശത്തിന്റെ മേൽ ചൊരിഞ്ഞ യാഥാർത്ഥ ജീവന്റെ വൃക്ഷമാകുന്നു സ്ലീവ"[9]. "വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിൽനിന്ന് ഞാൻ ഭക്ഷിക്കാൻ കൊടുക്കും" (വെളിപാട് 2,7) എന്ന വി.ഗ്രന്ഥവാക്യം ശ്രദ്ധേയമാണ്. ആകയാൽ സ്ലീവായോടു ചേർത്ത് ഇലകൾ ചിത്രീകരിക്കുന്നത് അർത്ഥവത്താകുന്നു.



T രൂപത്തിലുള്ള ഒരു വൃക്ഷത്തിന് ഇരുവശവും നിന്ന് രണ്ടു പേർ ആരാധിക്കുന്നതും ആ വൃക്ഷത്തിനു മുകളിലായി കുരിശിന്റെ മുകളിലത്തെ ഭുജത്തിന്റെ സ്ഥാനത്ത് ഒരു പക്ഷി വിശ്രമിക്കുന്നതും കാണാം.



പിതാവായ ദൈവമാണ് പറുദീസ സൃഷ്ടിച്ചത്. തന്റെ സൃഷ്ടികളിലുടെ അവിടുന്നു സന്നിഹിതനാകുകയും. തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്ലീവയിലെ ഇലകൾ പിതാവിന്റെ സാന്നിധ്യവും സൃഷ്ടികർമ്മവും അനുസ്മരിപ്പിക്കുന്നു. ജീവന്റെ വൃക്ഷത്തെപ്പറ്റി പ്രതിപാദിക്കുന്ന ഉല്പത്തിപുസ്തകം പഴയനിയമഗ്രന്ഥമാകയാൽ അതു പഴയ നിയമത്തേയും സൂചിപ്പിക്കുന്നു.

## മിശിഹാരഹസ്യം

പൗരസ്ത്യ സുറിയാനി വീക്ഷണത്തിൽ ഈശോയുടെ മരണം കഴിഞ്ഞുപോയ സംഭവമാണ്. അത് അവിടുത്തെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തിലേക്കുള്ള കവാടമായിരുന്നു. ഇപ്പോൾ അവിടുന്ന് പീഡനത്തിനും മരണത്തിനും അതീതനാണ്. അതിനാൽ കുരിശിനെ മഹത്ത്വീകൃതനായ മിശിഹായിൽനിന്നും വേർതിരിച്ചുകാണുവാൻ സാധ്യമല്ല. അവിടുന്ന് ഇന്ന് ഉത്ഥിതനും മഹത്ത്വീകൃതനും ആകയാൽ അവിടുത്തെ സ്ലീവ ഇപ്പോൾ അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അടയാളമാണ്. വിശ്വാസപ്രമാണത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ തിയഡോർ പഠിപ്പിക്കുന്നത് ശ്രദ്ധേയമാണ്: "സഹനത്തിനും അതുവഴി ഉളവായ എല്ലാ ഫലങ്ങൾക്കും അവർ സ്ലീവ എന്നാണു പറഞ്ഞത്". എല്ലാം ഈ ഒരു നാമത്തിൽ അവർ ഉൾക്കൊള്ളിച്ചു. എന്തെന്നാൽ ബലഹീനനെപ്പോലെ സ്ലീവയിൽ തറയ്ക്കപ്പെട്ടെങ്കിലും ദൈവത്തിന്റെ ശക്തിയാൽ അവൻ ജീവിക്കുന്നവനാണ് (1 കൊറി 13,4) കുരിശിന്റെ സന്ദേശം ജീവിക്കുന്നവർക്ക് ദൈവത്തിന്റെ ശക്തിയത്രേ. എന്തെന്നാൽ അതുവഴി അവൻ മരണത്തെ തകർക്കുകയും പുതുജീവൻ തരികയും ചെയ്തു[10].

മഹത്ത്വീകൃതനായ മിശിഹായെ അവതരിപ്പിക്കുവാൻ വേണ്ടിയാണ് അവിടുത്തെ കുരിശിനോടുകൂടി ചിത്രീകരിക്കുവാൻ ആരംഭിച്ചത്. ആദ്യ നൂറ്റാണ്ടുകളിലെ കുരിശിനോടുള്ള ഭക്തിയെപ്പറ്റി പ്രസിദ്ധ ആരാധനാക്രമ പണ്ഡിതനായ യുങ്മേൻ പറയുന്നത് ഇവിടെ പ്രസക്തമാണ്. : "There are no representations of the crucifixion in the ancient churches. The cross- Yes, but in a stylized form as the cross of glory, as tropaion, as a victory sign created after the victory.But when later they began to represent the crucified Christ Himself they did so in Roman art. The cross is the King's throne; instead of the thorns there is a kingly crown upon His head; the linen cloth has become a regal robe; at His feet the Church looks up. full of trust while the synagogue turns away in shame" [11]

മഹത്ത്വത്തിന്റെ രാജാവിന്റെ മഹനീയ സിംഹാസനമായിട്ടാണ് അവർ

കുരുശിനെ ചിത്രീകരിച്ചിരുന്നത്. ഒരു രഥത്തിലെന്നവണ്ണം ഈശോ തന്റെ കുരിശിൽ ജൈത്രയാത്ര ചെയ്യുകയായിരുന്നുവെന്ന് കുരിശിന്റെ മഹത്ത്വത്തെ പ്രകീർത്തിച്ചുകൊണ്ട് മാർ അപ്രേം പറയുന്നു.[12] അവിടുന്നു കുരിശു വഹിക്കുന്നതിനു പകരം കുരിശ് അവിടുത്തെ വഹിക്കുന്ന ചില പുരാതനചിത്രങ്ങൾ ഈ ആശയം പ്രതിഫലിപ്പിക്കുന്നു.

ലോകാന്ത്യവുമായി ബന്ധപ്പെടുത്തിയാണ് പൗരസ്ത്യ സുറിയാനിസഭ കുരിശിനെ കാണുന്നത്. കർത്താവിന്റെ രണ്ടാമത്തെ മഹത്ത്വപൂർണ്ണമായ ആഗമനത്തെക്കുറിച്ച് യാമപ്രാർത്ഥന പറയുന്നു: "മിശിഹായടെ വെളിപാടിനു മുമ്പ് നാശപുത്രനുമായി സംവാദം നടത്തുന്നതിനും അവന്റെ പാപങ്ങൾ വെളിപ്പെടുത്തുന്നതിനുമായി ഏലിയാ വരും. അനന്തരം വിശുദ്ധകുരിശ് പ്രത്യക്ഷപ്പെടും".[13]

രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'Epistola Apostolorum'എന്ന ഗ്രന്ഥത്തിൽ ഈശോ ശിഷ്യരോട് ഇപ്രകാരം പറയുന്നതായി രേഖപ്പെടുത്തുന്നു: " ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ ഞാൻ ലോകത്തിലേക്കു വരുമ്പോൾ എന്റെ സ്ലീവ എന്റെ മുമ്പിൽ പോകും "[14] വി. അപ്രേം പറയുന്നു: " സകലതിന്റെയും നാഥന്റെ – ക്രിസ്തുരാജന്റെ– പ്രത്യാഗമനത്തിനു മുമ്പായി ഈ രക്ഷാകരസ്ലീവ സൂര്യന്റെ ശോഭയെ വെല്ലുന്ന ചെങ്കോലെന്നപോലെ ആകാശത്തു പ്രത്യക്ഷപ്പെടും".[15] അബ്ദീശോ (+ 1318) പറയുന്നു: "നമ്മുടെ കർത്താവിന്റെ യുഗാന്ത്യവെളിപാടിൽ വാനമേഘങ്ങളിൽ പ്രത്യക്ഷമാകാൻ പോകുന്ന സ്ലീവയുടെ അടയാളമാണ് ഇന്നു നമുക്ക് സ്ലീവ".[16] വി. കുർബാനയിലെ കാറോസൂസായിൽ നാം പ്രാർത്ഥിക്കുന്നു:"ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, അങ്ങ് കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ അങ്ങയുടെ വലതുവശത്ത് അണിനിരക്കുവാൻ ഞങ്ങളെ അർഹരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ ആപേക്ഷിക്കുന്നു". കാറോസൂസായുടെ അവസാനത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ദൈവദൂതൻമാരാൽ പരിസേവിതനായി കുരുശടയാളത്തോടുകൂടി വാനമേഘങ്ങളിൽ അങ്ങു പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ച്..." ഉത്ഥാനം ചെയ്തവനും ലോകത്തിൽ പ്രതാപത്തോടെ വരുവാനിരിക്കുന്നവനുമായ മിശിഹായെ സ്ലീവ പ്രതിനിധാനം ചെയ്യുന്നു. ക്രൂശിതരൂപം ഈശോയുടെ മരണം മാത്രം അനുസ്മരിപ്പിക്കുമ്പോൾ അവിടുത്തെ രൂപമില്ലാത്ത കുരിശ് അവിടുത്തെ മരണം മുതൽ പുനരാഗമനം വരെയുള്ള രക്ഷാകര രഹസ്യങ്ങൾ അർത്ഥമാക്കുന്നു. 5–ാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യ സഭയിൽ ക്രൂശിത രൂപങ്ങൾ പ്രത്യക്ഷപ്പെടുകയും ആ സഭയിൽ പീഡാനുഭവ ഭക്തി ശക്തിപ്പെട്ടതനുസരിച്ച് കുരിശ് പ്രചാരത്തിലാകുകയും ചെയ്തു.



## സ്ലീവയുടെ അഗ്രങ്ങളിലെ ഫലങ്ങൾ

സ്ലീവ യഥാർത്ഥജീവന്റെ വൃക്ഷമാകയാൽ അത് ജീവൻ നല്കുന്ന ഫലങ്ങൾ നല്കണം. നിത്യജീവൻ നല്കുകയും വളർത്തുകയും ചെയ്യുന്ന രക്ഷയുടെ ഫലങ്ങൾ കൂദാശകൾ ആണ്.

## സ്ലീവയിലെ അവരോഹണരൂപത്തിലുള്ള പ്രാവ്

സ്ലീവ പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്തുന്നു. പിതാവിനേയും പുത്രനേയും വെളിപ്പെടുത്തുന്ന അടയാളങ്ങൾ നാം കണ്ടുകഴിഞ്ഞു. തലകീഴായി സ്ലീവയെ ചുംബിച്ചു നില്ക്കുന്ന പ്രാവാണ് പരിശുദ്ധാരൂപിയുടെ പ്രതീകം. അവരോഹണ രൂപത്തിലുള്ള പ്രാവ് എപ്പോഴും റൂഹാദക്കുദിശയുടെ പ്രതീകമാണെന്നാണ് ക്രൈസ്തവ ഐക്കണോഗ്രഫി പഠിപ്പിക്കുന്നത്.

## പ്രാവ്

നോഹ ജലപ്രളയത്തിന്റെ അന്ത്യത്തിൽ ഒരു പ്രാവിനെ പെട്ടകത്തിൽ നിന്ന് പുറത്തുവിടുകയും, ആ പ്രാവ് ഒലിവുമരത്തിന്റെ ഒരു കമ്പുമായി തിരിച്ചു വരികയും ചെയ്തു (ഉല്പ. 8:8 –12). ഈ പ്രാവിനെ രക്ഷയുടെയും സമാധാനത്തിന്റെയും അടയാളമായിട്ടാണ് ഐക്കണോഗ്രഫിയിൽ സ്വീകരിക്കുന്നത്. പഴയനിയമത്തിലെ ജലപ്രളയത്തെ മാമ്മോദീസായുമായി സഭാപിതാക്കൻമാർ ബന്ധിപ്പിക്കുന്നുണ്ട്. ജലത്തിലൂടെ രക്ഷ ലഭിച്ചു എന്നാണ് പഠിപ്പിക്കുന്നത്.

പഴയ നിയമത്തിൽ പ്രാവിനെപ്പറ്റി പറയുന്ന മറ്റു ഭാഗങ്ങൾ ഉണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ടത് നോഹയുടെ പ്രാവാണ്.

പ്രാവിനെ സ്നേഹത്തിന്റെ അടയാളമായിട്ടും ദേവൻമാരുടെ പക്ഷിയായിട്ടുമാണ് മറ്റു മതങ്ങളിൽ കണക്കാക്കുന്നത്. പ്രാവിന് രാജാവിനേയും രക്ഷകനേയും തെരഞ്ഞെടുക്കുന്നതിനുള്ള വിവേചനാശക്തിയുണ്ടെന്നാണ് പൗരസ്ത്യ ദേശങ്ങളിൽ വിശ്വസിച്ചിരുന്നത്. പ്രാവിൽതന്നെ നാലു വർഗ്ഗങ്ങളുണ്ട്. ഒരോ ദേശത്തും ഒരോ വർഗ്ഗത്തിനു പ്രാധാന്യം നൽകുന്നു. ഗ്രീസിൽ പ്രാവ് എന്നത് ദേവന്റെ പ്രത്യേക പക്ഷിയായിരുന്നു. ഇഷ്ടാർ ദേവത പ്രാവായിട്ടാണ് മരിച്ചത്. സിറിയായിലും സമീപപ്രദേശങ്ങളിലും ആത്മാവിന്റെ അടയാളമായിട്ടായിരുന്നു പ്രാവിനെ കല്ലറകളിൽ കൊത്തിവച്ചിരുന്നത്. പ്രാവാണ് ദേവൻമാർക്ക് ആഹാരം കൊണ്ടുപോയി കൊടുത്തിരുന്ന പക്ഷി. പേർഷ്യയിലും പൗരസ്ത്യ ദേശങ്ങളിലും രാജാക്കൻമാരെ തിരഞ്ഞെടുത്തിരുന്ന പക്ഷി പ്രാവായിരുന്നു. പ്രാവിന് വിവേചനാശക്തിയുണ്ടെന്നാണ് എല്ലാ ജനതകളും കരുതിയിരുന്നത്.

യഹൂദൻമാർക്ക് പ്രാവ് ഒരു ശ്രേഷ്ഠ പക്ഷിയാണ്. ജറുസലേം ദേവാലയത്തിൽ പ്രാവിനെ കാഴ്ച നൽകിയിരുന്നു. (ലേവ്യ.1,14;12,6-8) പ്രാവ് ആത്മാവിന്റെയും മിശിഹായുടെയും പ്രതീകമായിരുന്നു. ആത്മാവിനെ പ്രാവായി കരുതിയിരുന്നു. ഇസ്രായേലിന്റെ പ്രതീകമായി പ്രാവിനെ പിന്നീട് വ്യാഖ്യാനിച്ചു. (*മിദ്രാഷ് റബ്ബാ. ഷീർവെഷിറീം* I,XV,2) പ്രാവിനെ പരിശുദ്ധമായ പക്ഷിയായും നല്ലഗുണങ്ങളുടെ മാതാവായും യഹൂദർ പരിഗണിച്ചു.

ദൈവാരൂപിയെ പ്രാവുമായി ഇസ്രായേൽ ജനം ബന്ധിപ്പിച്ചു എന്നതാണ് യഹൂദമതത്തിന്റെ പ്രത്യേകത. പ്രാവിന്റെ ദേവാലയത്തിലെ ശബ്ദമാണ് (*ബാത്ത്ഖോൾ*) പ്രാവിനെ ദൈവാരൂപിയുമായി (റൂ ആഹ് ഏലോഹീം) ബന്ധിപ്പിക്കാനുണ്ടായ കാരണം.

ഇസ്രായേൽക്കാരുടെ ദൈവത്തിന് പ്രിയപ്പെട്ടവ "ചെടികളിൽ മുന്തിരിച്ചെടിയും, പുഷ്പങ്ങളിൽ ലില്ലിയും, മൃഗങ്ങളിൽ ആടും, പക്ഷികളിൽ പ്രാവും ആയിരുന്നു'(4എസ്റാ 5:26).

പുതിയ നിയമത്തിൽ പ്രാവിനു പ്രാധാന്യം വന്നത് പഴയനിയമ പശ്ചാത്തലവും യഹൂദവീക്ഷണവും മൂലമാണ്. പ്രാവിനെ ബലിവസ്തുവായിട്ടാണ് പുതിയ നിയമത്തിൽ കാണുന്നത് (ലൂക്കാ 2:24). പ്രസവശേഷം ദരിദ്രയായ ഒരു സ്ത്രീ കുഞ്ഞുമായി ദൈവാലയത്തിൽ കാഴ്ച്ച നല്കിയിരുന്നത് പ്രാവിനെയാണ് (ലേവ്യ 12,6-8). പ്രാവു കച്ചവടക്കാരെ ഈശോ ദൈവാലയത്തിൽനിന്ന് പുറത്താക്കുന്നുണ്ട് (മത്താ.21:12). നിഷ്കളങ്കതയ്ക്കും മറ്റു നല്ല ഗുണങ്ങൾക്കും പ്രാവിനെയാണു ഉദാഹരണമായി എടുക്കുന്നത് (മത്താ 10,16).

പുതിയനിയമത്തിൽ ഈശോയെ രക്ഷകനായി കാട്ടികൊടുക്കുന്നതിന് റൂഹാ പ്രവിന്റെ രൂപത്തിൽ മാമ്മോദീസാസമയത്ത് ജറിക്കോയ്ക്കു സമീപം ജോർദ്ദാനിൽ ബേത്ത്ബാറാ എന്ന സ്ഥലത്ത് പ്രത്യക്ഷപ്പെട്ടു. പ്രാവ് ഇങ്ങനെയാണ് ക്രൈസ്തവലോകത്ത് മാമ്മോദീസായുടെ പ്രതീകവും വെളിപാടിന്റെ ആധാരവും അരൂപിയുടെ വാഹകനുമാകുന്നത്. പ്രാവ് വന്നിരുന്നാൽ ഒരു വ്യക്തി തെരഞ്ഞെടുക്കപ്പെട്ടവനാകും എന്ന ചിന്ത ഇസ്രായേലിലുണ്ടായിരുന്നു. ഈശോയുടെമേൽ പ്രാവ് പറന്നിറങ്ങിയപ്പോൾ അവിടുന്നാണ് തെരഞ്ഞെടുക്കപ്പെട്ട മിശിഹാ എന്ന് എല്ലാവർക്കും മനസ്സിലായി.

പാലയോ ക്രൈസ്തവലോകത്ത് റൂഹായെ പ്രാവിന്റെ രൂപത്തിൽ ചിത്രീകരിക്കാൻ തുടങ്ങിയത് സുവിശേഷങ്ങളെ ആധാരമാക്കിയാണ്. അവരോഹണരൂപത്തിലുള്ള പ്രാവാണ് റൂഹായുടെ പ്രതീകം. പ്രാവിനെ സ്ലീവായുമായി ബന്ധിപ്പിക്കുന്നതിന്റെ സ്രോതസ് സുവിശേഷങ്ങളിലെ മാമ്മോ



ദീസായെപ്പറ്റിയുള്ള വിവരണങ്ങളിലാണ്. പ്രാവിനെ സ്ലീവയുമായി ബന്ധിപ്പിക്കുന്നത് സഭയിലെ അതിപുരാതന പാരമ്പര്യമാണ്. മർക്കോസ് സുവിശേഷകൻ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്: "അവൻ ജലത്തിൽ നിന്നു കയറി, ആകാശം തുറന്നു, അരൂപി പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങിവരുന്നതു കണ്ടു" (1:10). വളരെ വ്യക്തമായി വിവരിച്ചിരിക്കുന്ന ഈ സംഭവത്തെ സ്ഥിരീകരിക്കുകയാണ് മത്തായി ചെയ്യുന്നത്: "മാമ്മോദീസായ്ക്കുശേഷം ഈശോ ജലത്തിൽനിന്നു പൊങ്ങി., സ്വർഗ്ഗം തുറന്നു, ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന്. അവന്റെമേൽ വസിക്കുന്നത് അവൻ കണ്ടു". (3:16) യോഹന്നാൻ മാംദാന കാണുന്ന സംഭവമാണിവിടെ വിവരിച്ചിരിക്കുന്നത്. അല്പം കൂടി നാടകീയമായിട്ടാണ് ലൂക്കാ 3:22 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. "അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധാത്മാവ് പ്രാവിന്റെ ആകൃതിയിൽ അവന്റെമേൽ ഇറങ്ങുന്നതും കണ്ടു". ഈ മൂന്നു വിവരണങ്ങളെ ദൈവശാസ്ത്രപരമായി ശക്തിപ്പെടുത്തുകയാണ് യോഹന്നാൻ 1:32 ൽ ചെയ്തിരിക്കുന്നത്. "ആത്മാവ് സ്വർഗ്ഗത്തിൽനിന്നും പ്രാവിനെപ്പോലെ ഇറങ്ങുന്നതും അവന്റെമേൽ ആവസിക്കുന്നതും ഞാൻ കണ്ടു." യോഹന്നാൻ മാംദാനയുടെ അനുഭവം സുവിശേഷകനായ യോഹന്നാൻ വ്യക്തമാക്കുകയാണിവിടെ. യോഹന്നാൻ മാംദാനയും ശിഷ്യൻമാരും ഈശോമിശിഹ വരാനിരിക്കുന്ന രക്ഷകനാണെന്ന് വിശ്വസിക്കുന്നത് ഈ സംഭവം വഴിയാണ്. ഈശോയെ 'മിശിഹാ' (അഭിഷിക്തൻ) ആക്കുന്നത് റൂഹാ പ്രാവിന്റെ രൂപത്തിൽ ആവസിക്കുന്നതു വഴിയാണ്. നാലു സുവിശേഷങ്ങളിലും പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

റൂഹായെ മറ്റു രൂപത്തിലും പുതിയ നിയമത്തിൽ ചിത്രീകരിക്കുന്നുണ്ട്. ശ്ലീഹന്മാരെ ശക്തിപ്പെടുത്താൻ റൂഹാ തീനാവുകളുടെ രൂപത്തിൽ അവരിൽ ആവസിക്കുന്നുണ്ട് (നടപടി2:1-4). റൂഹാ തന്നെയാണ് ഉത്ഥാനത്തിലും പ്രവർത്തിക്കുന്നത്. ഈശോയുടെ ഉത്ഥാനത്തിൽ റൂഹാ പ്രവർത്തിച്ചു. നമ്മുടെ ഉത്ഥാനത്തിൽ റൂഹാ പ്രവർത്തിക്കും.

ഉത്ഥാനത്തിന് '*അനസ്താസിസ്*' എന്ന പദമാണ് ഉപയോഗിക്കുന്നത്. അനാ+ഹിസ്തമി' എന്ന മൂലത്തിൽ നിന്ന് ഇത് ഉത്ഭവിക്കുന്നു. "മുകളിൽ എഴുന്നേറ്റു നിൽക്കുക" എന്നു തർജ്ജമ ചെയ്യാവുന്നതാണ്. 'അനസ്താസിസ്' (ഉത്ഥാനം) എന്ന പദത്തിൽ രണ്ടു സംഭവങ്ങൾ അടങ്ങിയിട്ടുണ്ട്: ഈശോയുടെ ഉത്ഥാനവും വേറൊരാളെ ഉയർപ്പിക്കാൻ ശക്തനായവൻ എന്നുമാണവ.

'എഴുന്നേറ്റു നിൽക്കുക' എന്നർത്ഥം ഉത്ഥാനത്തിൽ ഉള്ളതുകൊണ്ടാണ് ഉത്ഥാനത്തിൽ പങ്കുപറ്റാൻ വിശ്വാസികൾ എഴുന്നേറ്റുനിൽക്കുവാൻ

തുടങ്ങിയത്. സഭയിൽ പ്രാർത്ഥന ചൊല്ലുമ്പോൾ അവർ ഇങ്ങനെ ഉത്ഥാനത്തിൽ പങ്കുപറ്റാൻ എഴുന്നേറ്റു നിന്നു.

മാർ പൗലോസ് ശ്ലീഹായുടെ ഉത്ഥാനദൈവശാസ്ത്രത്തിന്റെ ഉള്ളടക്കം സ്ലീവായിൽ തൂക്കപ്പെട്ട "ഈശോയെ റൂഹാ ഉയർപ്പിച്ചു എന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഈശോയെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ ഈശോമിശിഹായെ ഉയർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമാ 8:11). റൂഹായാൽ നയിക്കപ്പെടുന്നവരാണ് ദൈവപുത്രൻമാർ. റൂഹാ നമ്മുടെ ആത്മാവിനോടു ചേർന്ന് നമുക്കു ശക്തിനൽകി നമ്മെ മഹത്ത്വപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ മഹത്ത്വീകരണം ഈശോയ്ക്കു ലഭിച്ചു. റൂഹാവഴി നമുക്കും അതു ലഭിക്കണം. അതിനാണ് നമ്മൾ റൂഹായിൽ ജീവിക്കേണ്ടത്.

## റൂഹായും ഈശോയും

ഈശോയാണ് റൂഹായാലും അഗ്നിയാലും മാമ്മോദീസാ നൽകുന്നവൻ (ലൂക്കാ 3: 16). യോഹന്നാൻ മാംദാനയിൽനിന്ന് ഈശോ മാമ്മോദീസാ സ്വീകരിച്ച് എളിമ കാണിച്ചുകൊടുത്തു. അവിടെ റൂഹാ പ്രാവിന്റെ വേഷമണിഞ്ഞ് ഈശോയുമായി മറ്റുള്ളവരെ ബന്ധിപ്പിച്ചു.

ഈശോ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കിയ ശേഷം റൂഹായെ അയയ്ക്കുന്നുണ്ട് (യോഹ. 16:7). റൂഹാ ഒരു സഹായകനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. പന്തക്കുസ്താദിനത്തിൽ ഈശോയുടെ ഈ വാഗ്ദാനം പൂർത്തിയാകുകയാണ്. റൂഹാ ശ്ലീഹന്മാരെ സഭയുമായി ബന്ധിപ്പിച്ചു. റൂഹായാണ് നമ്മെ ദൈവപുത്രരാക്കി ഈശോയുടെ സഹോദരൻമാരാക്കുന്നത് (ഗലാ. 4:6;റോമാ 8: 15).

ഈശോയെ കർത്താവായി ഏറ്റുപറയുന്നതിനുള്ള ശക്തി നമുക്കു നൽകുന്നതിന് റൂഹായ്ക്കു മാത്രമേ സാധിക്കു. (1 കൊറി.12:3).

ഈശോയുടെ യോർദ്ദാനിൽ നിന്നുള്ള ജനനവും കല്ലറയിൽ നിന്നുള്ള ജനനവും സാധിക്കുന്നത് റൂഹായുടെ ശക്തികൊണ്ടാണ്. ഉത്ഥിതന്റെ ശരീരമായ സഭ ഇന്ന് ഈ റൂഹാ വഴിയാണ് ഇന്ന് ദിവ്യരഹസ്യങ്ങൾ സൂക്ഷിക്കുന്നതും തുടരുന്നതും.

ഈശോയുടെ ജീവിതത്തിലെ പ്രധാനഘട്ടങ്ങളാണ് മാമ്മോദീസ, കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ. ഇവയെ രക്ഷാകരപദ്ധതിയിലെ ഒരു സംഭവമായിട്ടുവേണം ദർശിക്കുവാൻ. സ്വർഗ്ഗീയ ജറുസലത്ത് എത്തുന്നതിന് ഈ പാലമാണ് കടക്കേണ്ടത്. മാമ്മോദീസയും മരണവും ഈ ലോകജീവിതത്തിലെ അവശ്യസംഭവങ്ങളാണ്. ഇവയെ



രക്ഷാകരമാക്കുന്നത് ഉത്ഥാനവും സ്വർഗ്ഗാരോഹണവുമാണ് മഹത്ത്വീകൃതനായ ഈശോ ഇവയെ രക്ഷയുടെ പ്രതീകമാക്കി മാറ്റി. ഇതാണ് ക്രൈസ്തവവിശ്വാസത്തിന്റെ അനന്യത.

പാലയോ ക്രൈസ്തവകലകളിൽ റൂഹായെ പ്രാവിന്റെ രൂപത്തിൽ ചിത്രീകരിക്കുവാൻ തുടങ്ങിയത് അഞ്ചാം നൂറ്റാണ്ടിലാണ്. അതിനു മുമ്പ് പ്രാവിനെ രക്ഷയുടെ അടയാളമായിട്ടാണ് കണ്ടിരുന്നത്. സുവിശേഷങ്ങളുടെ സ്വാധീനമാണ് സ്മാരകങ്ങളിലെ ചിത്രീകരണങ്ങളുടെ അടിസ്ഥാന കാരണം. ഗ്രീക്കിൽ "കത്താബായിനോൺ" എന്ന പദം പ്രാവിന്റെ ചലനത്തെയല്ല, അരുപിയെയാണ് സൂചിപ്പിക്കുന്നത്. ഈശോയുടെ അനുഭവവും മറ്റുള്ളവർക്ക് രക്ഷകനെ ചൂണ്ടിക്കാണിക്കുന്ന ധർമ്മവും റൂഹായ്ക്കും പ്രാവിനുമുണ്ട്. റൂഹാ പ്രവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് മാമ്മോദീസായുടെ അടയാളമാണ്. ഇസ്രായേൽ ജനം ഷെക്കിനായിൽ (ദൈവസാന്നിദ്ധ്യം) ജീവിക്കുന്നതുപോലെ ഈശോമിശിഹാ അഭിഷിക്തനാകുന്നത് ഷെക്കീനാവഴിയാണ്. ഷെക്കീനാ എന്ന പദത്തിൽ 'ഷക്കാൻ' എന്നും 'യോനാ' എന്നും രണ്ടു പദങ്ങളുണ്ട്.ഇതിന്റെ അർത്ഥം പ്രാവിനെപോലെ (Like a dove;Keshel + Yonah=as a dove; Shel+Yonah= of a dove ) എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ റൂഹാവാഹകനാണ് (1:32). ഈശോയുടെ ഹൃദയത്തിൽ നിന്നൊഴുകുന്ന ജീവജലമാണ് റൂഹ (7:37-39).

ചില പാലയോ ക്രൈസ്തവ സഭകളിൽ വിശുദ്ധകുർബ്ബാന അൾത്താരയുടെ മുകളിൽ പ്രാവിന്റെ ആകൃതിയിലുള്ള ലോഹത്തിലുള്ള പാത്രങ്ങളിൽ മുകളിൽനിന്നു തൂക്കിയിട്ടിരിക്കുന്നു. കൊളുംബാരിയും എന്നായിരുന്നു അവയുടെ പേര്.

റൂഹായുടെ പ്രതീകങ്ങളായി മുദ്ര seal, sphragio, (യോഹ.6:27;2 കോറി 1:22, എഫേ 1:13, 4:30) കരം hand:(മത്താ.6:5, 8:23-10, 16:16-18, നടപടി 5:12, 14:3, 8:17-18, 13:33, 19:6, എബ്രാ.6:2), വിരൽ Finger, (ലൂക്കാ. 11:20, പുറ.31:18, 2 കൊറി. 3:3) എന്നിവയും സഭയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഐക്കണോഗ്രഫിയിൽ ഇവ സാധാരണയായി കാണുന്നില്ല.

പാലയോ ക്രൈസ്തവ കലകളിൽ റൂഹായും സ്ലീവായും, പ്രാവും സ്ലീവായും സ്മാരകങ്ങളിൽ സാധാരണ ചിത്രീകരിക്കാറുണ്ടായിരുന്നു. ക്രൈസ്തവ പുരാവസ്തു ഗവേഷണത്തിൽനിന്ന് 52 ഉദാഹരണങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്.

പിതാവായ ദൈവത്തെ തന്റെ സൃഷ്ടികളിലൂടെ ചിത്രീകരിക്കുന്നതായിട്ടാണ് ആദ്യനൂറ്റാണ്ടുകളിൽ കാണുന്നത്. എന്നാൽ ബറോക്കൻ കലകളിൽ പ്രാവും സ്ലീവായും പിതാവും ഒന്നിച്ച് അക്കൂട്ടത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

വൈറ്റ് വർത്ത് ആർട്ട് ഗ്യാലറിയിൽ, മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി സുന്ദരമായ, ശൂന്യമായ ഒരു സ്ലീവായും അതിനു മുകളിൽ ഒരു പ്രാവ് അവരോഹണ രൂപത്തിലും അതിനും മുകളിൽ പിതാവായ ദൈവവും ഉപസ്ഥിതനായിരിക്കുന്നു. 15–ാം നൂറ്റാണ്ടിലെ സ്മാരകവും കലയുമാണിത്

ബർണലിയിലെ ആർട്ട് ഗ്യാലറിയിൽ ഒരു പ്രാവ് അവരോഹണരൂപത്തിൽ സ്ലീവായിലെ INRI - ൽ പറന്നിറങ്ങുന്നതായി ചിത്രീകരണമുണ്ട്. സ്ലീവയെ ശൂന്യമായി തന്നെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്.

ക്രൈസ്തവ ഐക്കണോഗ്രഫിയിൽ പലതരത്തിലുള്ള പ്രാവുകളെ ചിത്രീകരിച്ചിട്ടുണ്ട്. തനിച്ചിരിക്കുന്ന ഒരു പ്രവ് ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്. ചുണ്ടിൽ ഒലിവുതണ്ടുമായി ഇരിക്കുന്ന പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകവും മാമ്മോദീസായിലെ റൂഹായുടെ അടയാളവുമാണ്. രണ്ടു പ്രാവുകൾ ഈശോയുടെ രണ്ടു സ്വഭാവങ്ങളെയാണ് അ ർത്ഥമാക്കുന്നത്.

*ലോഗോസി*നെ (വചനം) പ്രാവായി ഇരണേവൂസ് കണക്കാക്കുന്നുണ്ട് (P.7,607-608) ലോഗോസിനെ *ആൽഫാ ഒമേഗാ* ആയിട്ടാണ് കാണുന്നത് (വെളി. 1:8). ഗ്രീക്കിൽ അക്ഷരങ്ങൾക്ക് നമ്പരുണ്ടല്ലോ. *ആൽഫാ*യും (A=1) ഒമേഗായും (W=800)കൂടി കൂട്ടിയാൽ 801 എന്നു കിട്ടും. പ്രാവിന് ഗ്രീക്കിൽ ഉപയോഗിക്കുന്ന പദം *പെരിസ്ത്തെറ* എന്നാണ് (peristera). *ആൽഫാ ഒമേഗ*യുടെയും പ്രാവിന്റെയും നമ്പറുകൾ കൂട്ടുമ്പോൾ 801 കിട്ടുന്നതുകൊണ്ട് *ലോഗോസി*നെ പ്രാവായി കണക്കാക്കി. ERISTERA=801,(P=80, E=5, R=100, I=10, S=200, T=300,E=5,R=100,A=1 =801).

പിന്നീട് വിശ്വാസികളെ, സഭയെ, ശ്ലീഹൻമാരെ പ്രാവായി കണക്കാക്കുന്നുണ്ട്. സഭാപിതാക്കൻമാരായ തെർത്തുല്യനും (PL 2,545) ജറുസലത്തെ സിറിലും (PG 33, 981-82) ഇതേക്കുറിച്ച് ധാരാളം രേഖപ്പെടുത്തിയിട്ടുണ്ട്. റൂഹായെ പ്രാവായും തീനാളമായും സ്വീകരിച്ച് ചിത്രീകരിക്കാൻ തുടങ്ങിയത് ക്രൈസ്തവ ഐക്കണോഗ്രഫിയിലെ അനന്യതയും ക്രൈസ്തവവിശ്വാസത്തിന്റെ വ്യതിരിക്തതയുമാണ്. സഭയെ കാണിക്കാൻ ഒരു പ്രാവും വിശ്വാസികളെ സൂചിപ്പിക്കാൻ രണ്ടു പ്രാവുകളും ശ്ലീഹൻമാരെ കാണിക്കാൻ 12 പ്രാവുകളും ചിത്രീകരിക്കപ്പെട്ടു തുടങ്ങി.

## മാമ്മോദീസയും സ്ലീവയും

യോർദ്ദാൻ നദിയിൽ *ബേത്ത്ബറാ* എന്ന സ്ഥലത്താണ് ഈശോയുടെ മാമ്മോദീസ നടന്നതെന്ന് മാദബായിൽ നിന്നുള്ള മൊസയ്ക്ക് ഭൂപടം സാക്ഷ്യപ്പെടുത്തുന്നു. 'സൃഷ്ടിയുടെ ഭവനം' എന്നാണ് ഈ സ്ഥലത്തിന്റെ അർത്ഥം. സഭ മാമ്മോദീസ സ്ഥലത്തെ *ബേത്ത് മാമ്മോദീസ* എന്നാണ്



വിളിക്കുന്നത്. മാമ്മോദീസാഭവനം ഉള്ളതുകൊണ്ടായിരിക്കാം സഭയെ മാമ്മോദീസാത്തൊട്ടി എന്നു വിളിക്കുന്നത്.

മാർ അപ്രേം പിതാവിന്റെ സഭാശാസ്ത്രത്തിൽ യോർദ്ദാനിലെ മാമ്മോദീസയുടെ യഥാർത്ഥ സാക്ഷാത്ക്കാരം സ്ലീവയിലെ ഈശോയുടെ മരണത്തിലും തുടർന്നുള്ള ഉത്ഥാനത്തിലുമാണ്. ഗാഗുൽത്തായിൽ തന്റെ കുരിശുമരണംവഴി ഈശോ സഭയ്ക്കു ജന്മം നല്കി (H.EIPH.36, 2-4). മാമ്മോദീസയിലെ റൂഹായെ, സ്ലീവായിൽ പ്രാവും തീനാളവുമായി ചിത്രീകരിച്ചത് മാർ അപ്രേമിന്റെ ഈ ദൈവശാസ്ത്രവീക്ഷണം സ്വാധീനിച്ചതുകൊണ്ടാണ്.

സഭയുടെ ഉത്ഭവം മാമ്മോദീസയിലാണ്.ആദ്യ മാമ്മോദീസ ജലത്തിലാണ് നടക്കുന്നത്. സഭയുടെ മഹത്ത്വീകരണം മരണോത്ഥാനത്തിലാണ്. ഇതാണ് രണ്ടാമത്തെ മാമ്മോദീസ. ഈശോ അരുൾചെയ്തു. " എനിക്കൊരു മാമ്മോദീസ മുങ്ങുവാനുണ്ട്, അതു പൂർത്തിയാകുവോളം ഞാൻ ഞെരുങ്ങുന്നു" (ലൂക്ക. 12:50).

ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങൾ മാമ്മോദീസയിലാണ് ആരംഭിക്കുന്നത്. ഇവിടെ പിതാവും റൂഹായും പ്രവേശിക്കുന്നുണ്ട്. രക്ഷാകര ജീവിതത്തിന്റെ പൂർത്തീകരണം സ്ലീവയിലെ മരണത്തിലും തുടർന്നുള്ള ഉത്ഥാനത്തിലുമാണ് .ഇതാണ് രണ്ടാമത്തെ മാമ്മോദീസ. ഇവിടെ സഭ മഹത്ത്വപ്പെടുന്നു, ക്രൈസ്തവൻ ഉത്ഥാനാനുഭവത്തിൽ എത്തുന്നു. സ്ലീവയിലെ മഹത്ത്വീകരണത്തിൽകൂടി മാത്രമേ മാമ്മോദീസയുടെ പൂർത്തീകരണം ഉണ്ടാകൂ. ഇവിടെ സ്ലീവ എന്നത് വെറും ഒരു ഉപകരണം എന്ന അവസ്ഥ മാറി, രക്ഷയുടെ മഹത്ത്വീകൃത ഉത്ഥാനപ്രതീകമായി സഭയിലും ദൈവശാസ്ത്രത്തിലും സ്ഥാനം പിടിക്കുന്നു. അങ്ങനെ വിവിധങ്ങളായ സ്ലീവകൾ വിവിധങ്ങളായ സഭകളിൽ ആവിർഭവിച്ചു.

ഈശോയുടെ മാമ്മോദീസയാണ് ക്രിസ്തീയ മാമ്മോദീസയുടെ അടിസ്ഥാനം. റൂഹായെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുകയും സ്വീകരിക്കുകയുമാണ് മാമ്മോദീസയിൽ. റൂഹായെ ആത്മീയ ഛായയായി ചിത്രീകരിക്കുകയാണിവിടെ. ഈ ചിത്രീകരണമാണ് സ്മാരകങ്ങളിൽ എത്തിയത്. അങ്ങനെ ഏറ്റവും പുരാതനമായത് റൂഹായും സ്ലീവയും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്ന സ്മാരകങ്ങളാണ്.

മാമ്മോദീസയിൽ റൂഹായുടെ പ്രവർത്തനത്തെ അടയാളപ്പെടുത്താൻ, നർസേ എന്ന സഭാപിതാവ് തീ അടയാളമാണ് (ജ്വാല) ഉപയോഗിക്കുന്നത്.

## റോമിന്റെ അംഗീകാരം

1959 ൽ റോമിലെ പൗരസ്ത്യ തിരുസംഘത്തിൽ നിന്നു പ്രസിദ്ധീകരിച്ച *Ordo celebrationis Quddasa juxta usum Ecclesiae Syro-Malabarensis* എന്ന ഗ്രന്ഥത്തിൽ കാപ്പയുടെ പുറകുവശത്ത് മാർത്തോമാസ്ലീവ (cruce Thomae) തയിച്ചുവയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ലിറ്റർജിക്കൽ കമ്മീഷൻ അംഗമായിരുന്ന ബ.പ്ലാസിഡച്ചൻ മുൻകൈ എടുത്ത് അത്തരം കാപ്പ ഉണ്ടാക്കുകയും കുർബാന പുനരുദ്ധീകരിക്കുന്നതിനു മുമ്പു മുതൽ അത് ഉപയോഗിക്കുകയും ചെയ്തിരുന്നതിനാൽ മാർത്തോമാസ്ലീവകൊണ്ട് പാലസ്തീനിയൻ കുരിശാണ് ഉദ്ദേശിച്ചതെന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. റോമൻ അധികാരികൾപോലും പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ കുർബാന അർപ്പിക്കുമ്പോൾ അത്തരം കാപ്പയാണ് ഉപയോഗിക്കുന്നതെന്ന വസ്തുത അനുസ്മരിക്കേണ്ടതുണ്ട്. 1986- ൽ കോട്ടയത്തു വച്ച് മാർപാപ്പാ സീറോ-മലബാർ കുർബ്ബാന അർപ്പിച്ചപ്പോൾ അത്തരം കാപ്പ ധരിക്കുകയും മാർത്തോമാ സ്ലീവകൊണ്ട് മുത്തിക്കുകയും ചെയ്തു. മാർത്തോമാ നസ്രാണികളുടെ മഹത്തായ പൈതൃകമായ ഈ പ്രതീകമെന്നാണല്ലോ പരിശുദ്ധ സിംഹാസനം ഇതിലൂടെ വ്യക്തമാക്കിയത്. 1962-ൽ ആരാധനക്രമം പുനരുദ്ധരിച്ചു പ്രസിദ്ധപ്പെടുത്തിയപ്പോൾ മാർത്തോമ്മസ്ലീവയുടെ ചിത്രം അച്ചടിച്ചിരുന്നു.

1960-ൽ പരിശുദ്ധസിംഹാസനം പ്രസിദ്ധീകരിച്ച "*സുപ്പമെന്തും മിസ്റ്റെരിയോറും*" എന്ന ഗ്രന്ഥത്തിൽ ഡിസംബർ-18 ലെ മർത്തോമാസ്ലീവയുടെ (അത്ഭുത സ്ലീവയുടെ) തിരുനാളിനുള്ള പ്രാർത്ഥനകളും കൊടുത്തിട്ടുണ്ട്. മൈലാപ്പൂരെ അത്ഭുതസ്ലീവയായ മർത്തോമാസ്ലീവായുടെ തിരുനാളിനെപ്പറ്റിയാണ് ഈ രണ്ടുഗ്രന്ഥങ്ങളും പ്രതിപാദിക്കുന്നതെന്ന് വ്യക്തമാണ്. ഒന്നാം നൂറ്റാണ്ടിൽ പാറ പിളർന്നതിന്റെ അത്ഭുതമാണിതെന്ന് ചിലർ (1998 മാർച്ച്- 21, സത്യദീപം പുസ്തകം 71, ലക്കം 20) കുപ്രചരണം നടത്തുന്നത് ഖേദകരമാണ്. ഒരു സ്ഥലത്തും (ഒന്നാം നൂറ്റാണ്ടിൽ) പാറയുടെ അത്ഭുതത്തെപ്പറ്റി പറയുന്നില്ല. എന്നുമാത്രമല്ല, അങ്ങനെ ഒരു അത്ഭുതം നടന്നതായി ഒരു രേഖയിലും കാണുന്നുമില്ല. റോമിൽനിന്ന് ഒന്നാം നൂറ്റാണ്ടിലെ പാറപിളർന്ന അത്ഭുതത്തെക്കുറിച്ച യാതൊരു രേഖയും പുറപ്പെടുവിച്ചിട്ടില്ല. പാറ പിളർന്ന അത്ഭുതം ഒരു ഐതീഹ്യം എന്നതിൽ കൂടുതലായി ഒരു പാരമ്പര്യവും നല്കുന്നില്ല. ഈ പാറപിളർന്ന അത്ഭുതമാണ് *ഓർദോ*യിൽ വിവരിക്കുന്നതെങ്കിൽ എന്തുകൊണ്ടാണ് *ഓർദോ*യിൽ ഒരു സ്ഥല്ത്തും ആ അത്ഭുതത്തെപ്പറ്റി പറയാത്തത്? കൂടാതെ ഒന്നാം നൂറ്റാണ്ടിൽ നടന്ന പാറപിളർക്കൽ അത്ഭുതം 1844 വരെയും എന്തുകൊണ്ട് ആരുടെയും ശ്രദ്ധയിൽ പെട്ടില്ല? ഈ അത്ഭുതത്തെപ്പറ്റി റോമിൽനിന്ന് എന്തുകൊണ്ട് രേഖകൾ ഒന്നും തന്നില്ല?



*ഓർദോ*യിൽ (P.64) കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്. *Commemoratio miraculi petrae s. Thomae Apostoli*". petrae എന്ന ലത്തീൻ പദത്തെ 'പാറ' എന്നും 'കല്ല്' എന്നും പരിഭാഷപ്പെടുത്താവുന്നതാണ്. *ഓർദോ*യിലെ വിവരണത്തിൽ കല്ല് എന്ന പരിഭാഷയാണ് യോജിച്ചത് "മാർത്തോമശ്ലീഹായുടെ അത്ഭുതകല്ലിന്റെ ഓർമ്മ" എന്നതാണ് ശരിയായ പരിഭാഷ. മൈലാപ്പൂർപാറയുടെ അത്ഭുതം ഒന്നാം നൂറ്റാണ്ടിൽ നടന്ന സംഭവമല്ല, ഓർദോ കല്ലിന്റെ അത്ഭുതത്തെപ്പറ്റിയാണ് വിവരിക്കുന്നത്.

കല്ല് (Petra)എന്ന പദമാണ് 1547-ൽ മാർത്തോമാസ്ലീവ കണ്ടെടുത്തപ്പോൾ ഉപയോഗിച്ചിരുന്ന പദം. ആ കല്ലിന് 90 x 95 സെന്റീമീറ്റർ വീതിയുണ്ട്. ഒരു വശം വെറുമൊരു കരിങ്കൽ കല്ലുപോലെയാണ് കണ്ടെത്തിയത് (പാറ ആയിട്ടല്ല). ഈ കല്ലിന്റെ മറുവശത്തായിരുന്നു സ്ലീവ കൊത്തിയിരുന്നത്. അതിൽ *പഹ്ലവി* ആലേഖനങ്ങളുണ്ടായിരുന്നു. ഈ സ്ലീവയിൽ സംഭവിച്ച അത്ഭുതപ്രതിഭാസത്തിന്റെ പശ്ചാത്തലത്തിലാണ് മാർത്തോമാ സ്ലീവയെ അത്ഭുതസ്ലീവയെന്ന് *ഒർദോ*യിൽ നാമകരണം ചെയ്തത്. (N.Figueiredo, *St. Thomas, the Apostle in Mylapore*, Three Documents, Madras 1934, P.1; J.De Lucena, Historia da vida do Francesco, P.164; H.Osorius, De REBUS, Emmanuelis, 586, P.107; Gouvea P.77; Palinus, *India Orientalis Christiana*, P.130; A.M. Mundadan *Histroy of Christianity in India* , vol.1,p 422). പോർട്ടുഗീസുകാർക്ക് ആദ്യകാലത്ത് മാർത്തോമാസ്ലീവയെ മനസ്സിലാക്കുവാനോ, അംഗീകരിക്കുവാനോ കഴിഞ്ഞിരുന്നില്ല. എല്ലാ സ്ഥലങ്ങളിലും ലത്തീൻ കുരുശു സ്ഥാപിക്കുന്നതിനും കല്പന ഇടുകയും ചെയ്തിട്ടുള്ളതിന് രേഖകളുണ്ട് . എന്നാൽ സ്ലീവ രക്തം വിയർത്തതു മുതൽ പോർട്ടുഗീസുകാർ സ്ലീവയെ അംഗീകരിച്ചുതുടങ്ങി. അവർ മൈലാപ്പൂരിലെ സ്ലീവയെ അദ്ഭുതസ്ലീവ എന്നാണ് (crux mirabilis) വിളിച്ചിരുന്നത്. ഈ അദ്ഭുതസ്ലീവയുടെ തിരുനാൾ ഡിസംബർ -18 ന് ആഘോഷിക്കണമെന്ന് റോമിൽനിന്നു നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ തിരുനാൾ ഭാരത സുറിയാനിസഭയുടെ ആരാധനക്രമപഞ്ചാംഗത്തിൽ ചേർത്തിട്ടുണ്ട്. ഭാരതത്തിലെ മാർത്തോമാ നസ്രാണികളുടെ ഇടയിൽ തനിമയോടെ വികസിച്ചുവന്ന ഒരു പ്രധാന തിരുനാളാണ് മൈലാപ്പൂരെ സ്ലീവ രക്തം വിയർത്തതിന്റെ ഓർമ്മയാചരണം. മൈലാപ്പൂരെ പെരിയമലയിൽ (ചില രേഖകളിൽ ചിന്നമല എന്നാണ് കൊടുത്തിരിക്കുന്നത്). പോർട്ടുഗീസുകാർ ഒരു പള്ളി പണിയാൻ തീരുമാനിച്ചു. 1547 മാർച്ച് 22-ന് പണി ആരംഭിച്ചു. പഴയപള്ളി

യുടെ ഭാഗത്ത് മൂന്നു മീറ്റർ താഴെ മാർച്ച് 23–ന് ആന്റണി വാസ് എന്ന ശില്പി ഒരു ചതുരക്കല്ല് കണ്ടു. ഈ കല്ലിന്റെ അടിഭാഗം പുത്തൻരക്തത്താൽ നനഞ്ഞിരുന്നു. ഈ കല്ലിന്റെ (Petra) അടിഭാഗത്താണ് മാർത്തോമാസ്ലീവ (അത്ഭുതസ്ലീവ) കൊത്തിയിരുന്നത്. ഗബ്രിയേൽ ദെ താദായിദ് ഗവർണറും ഗാസ്പർ കൊയിലോ ഇടവക വികാരിയുമായിരുന്നു.ഇവർ എല്ലാവരും കൂടി ഈ സ്ലീവ പുതിയതായി നിർമ്മിച്ച പള്ളിയുടെ മദ്ബഹായിൽ തന്നെ പ്രതിഷ്ഠിച്ചു.

1522–ൽ ഡിസംബർ 18–ാം തീയതി പാശ്ചാത്യസഭയിലെ പരിശുദ്ധ കന്യകാജൻമത്തിൻെറ പ്രതീക്ഷയുടെ തിരുനാൾ ദിവസമാണ് മാർത്തോമാസ്ലീവ ആദ്യമായി രക്തം വിയർത്തത്. അന്നേദിവസം രാവിലെ എമ്മാനുവൽ കൊസ്ത എന്ന സന്യാസി സ്ലീവായിൽ ജലത്തുള്ളികളും കല്ലിന്റെ നിറം മാറിയിരിക്കുന്നതും കണ്ടു. വിശുദ്ധ കുർബാനയുടെ മദ്ധ്യേ സുവിശേഷവായനയുടെ സമയത്താണ് ഈ സ്ലീവ അത്ഭുതകരമായി രക്തം വിയർത്തത്. നാലു മണിക്കൂറോളം അത്ഭുതം നീണ്ടുനിന്നു. (ചില രേഖകളിൽ 1552 ന് പകരം 1557 വരെ രക്തം വിയർത്തു എന്നാണ് കാണുന്നത്.) 1566 വരെ ഈ അദ്ഭുതം തുടരെ സംഭവിച്ചു. ഈ സ്ലീവയിൽ നിന്ന് വിയർപ്പും രക്തവും ശേഖരിച്ച് രോഗികൾക്കു നല്കി അവർക്കു രോഗശാന്തി ലഭിച്ചതായി രേഖകളുണ്ട്.

1599–ലും രക്തം വിയർത്തു. അന്നു രക്തം പുരണ്ട സങ്കീഞ്ഞ് (കാസ തുടച്ചു വൃത്തിയാക്കുന്ന വസ്ത്രം) കൊച്ചി മെത്രാന് അയച്ചുകൊടുക്കുകയും ചെയ്തു. കൊച്ചിയിൽ നിന്ന് ഗോവാ മെത്രാപ്പോലീത്തയുടെ പക്കൽ എത്തിക്കുകയും അവിടെ നിന്ന് 1603–ൽ പോർട്ടുഗലിലെ മാർഗരറ്റ് രാജ്ഞിയുടെ അടുക്കൽ എത്തിക്കുകയും ചെയ്തു. 1800 വരെ അത്ഭുതങ്ങൾ മൈലാപ്പൂരെ അത്ഭുതസ്ലീവയിൽ സംഭവിച്ചു.

ഈ സംഭവങ്ങളെല്ലാം റോമിൽ സമയാസമയങ്ങളിൽ അറിയിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിലാണ് ആരാധനക്രമ പഞ്ചാംഗത്തിൽ ഈ തിരുനാൾ ഉൾപ്പെടുത്തിയത്. 1653 നു ശേഷം ഭാരത സുറിയാനി സഭയിൽനിന്നു മാറി യാക്കോബായ ബന്ധത്തിലായ നസ്രാണിസമൂഹവും ഈ തിരുനാൾ അംഗീകരിക്കുന്നുണ്ട്. 1734 ൽ മുളന്തുരുത്തിയിൽ വച്ചുണ്ടാക്കിയ കലണ്ടറിലും 'മൈലാപ്പൂരെ സ്ലീവയുടെ തിരുനാൾ ഡിസംബർ 18' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

1844–ൽ പ്രസിദ്ധീകരിച്ച ഭാരതസുറിയാനി (സീറോ മലബാർ) തക്സായിൽ "അപ്പസ്തോലനായ മാർത്തോമാ സ്ലീവായുടെ കല്ലിന്റെ (petra) അത്ഭുതം " എന്നാണ് ചേർത്തിരിക്കുന്നത്. ഇത് പാറ പിളർന്ന ഒന്നാം



നൂറ്റാണ്ടിലെ ഐതിഹ്യത്തെ ആസ്പദമാക്കിയുള്ള തിരുനാളല്ല എന്ന് എല്ലാവരും മനസ്സിലാക്കിയിരുന്നു. തിരുനാൾ ദിനത്തിലെ വായനകൾ ഇതിനൊരു പ്രധാന തെളിവാണ്. –പുറ 17:4–16, വിജ്ഞാ; 7:7–9, എഫേ 2: 19–22, യോഹ14: 1–6–(തലക്കല്ല് [മൂലക്കല്ല്] എന്നാണ് ഇവിടെ ഈശോയെ വിളിച്ചിരുന്നത്).

സഭയുടെ "ആരാധനക്രമ പഞ്ചാംഗത്തിൽ" ഡിസംബർ 18 ന് "മൈലാപ്പൂരെ അത്ഭുതകുരിശിന്റെ" തിരുനാൾ ആഘോഷത്തിന്റെകൂടെ തിരുനാളിന്റെ പ്രാധാന്യം കാണിക്കാൻ നാലു വായനകളും ചേർത്തിട്ടുണ്ട്. സി.എം.ഐ. സന്യാസസഭയുടെ കലണ്ടറിൽ ഈ തിരുനാൾ എല്ലാക്കാലവും ചേർത്തിരുന്നു എന്നു മാത്രമല്ല, വളരെ ആഘോഷത്തോടെ ഭക്തിപൂർവ്വം ആചരിക്കുകയും ചെയ്തിരുന്നു. ഏഴു വ്യാകുലങ്ങളെപ്പോലും ഭാരതസുറിയാനി സഭയ്ക്ക് സംഭാവന നല്കി സഭയ്ക്കുവേണ്ടി ധീരമായി പോരാടിയവരാണ് സി.എം.ഐ. സഭ എന്ന കാര്യം സഭാതനയർ ഒരിക്കലും വിസ്മരിക്കരുത്.

ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് 1959–ൽ റോമിൽ നിന്നു പ്രസിദ്ധീകരിച്ച 'ഓർദേ'എന്ന കൂദാശകളുടെ അനുഷ്ഠാനക്രമത്തിൽ ഡിസംബർ 18–ന് മൈലാപ്പൂരെ അത്ഭുതകല്ലിന്റെ (അത്ഭുതസ്ലീവ: മാർത്തോമാസ്ലീവ) ഓർമ്മത്തിരുനാൾ ആഘോഷിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിൽ പാറ പിളർന്ന ഐതീഹ്യത്തിന് ഒരു തീയതിയോ വർഷമോ യാതൊന്നും ഒരു രേഖകളിലും കാണുന്നില്ല. പാറ അല്ല കണ്ടുകിട്ടിയത് 'കല്ലാണ്'. petra എന്ന ലത്തീൻ പദത്തിന് പാറയെന്നും കല്ലെന്നും അർത്ഥമുണ്ട്. അതുകൊണ്ട് അത്ഭുതസ്ലീവയുടെ തിരുനാൾ തന്നെയാണ് ഡിസംബർ –18 ന് ഭാരതസുറിയാനിസഭയിൽ ഘോഷിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത്. *ഓർദോ* പുറപ്പെടുവിച്ച പൗരസ്ത്യ –തിരുസംഘത്തോട് ഇതേപ്പറ്റി സംശയമുള്ളവർ ചോദിക്കുന്നത് നല്ലതായിരിക്കും.

1986–ലെ മാർപ്പാപ്പയുടെ ഭാരതസന്ദർശനത്തോടനുബന്ധിച്ച് വത്തിക്കാന്റെ ഔദ്യോഗികപത്രമായ *ഒസ്സർവാത്തോരെ റൊമാനോ* പ്രസിദ്ധീകരിച്ച ലേഖനത്തോടുകൂടി മാർത്തോമാ സ്ലീവയും ചേർത്തിരുന്നു. 1996–ൽ റോമിൽവച്ചുകൂടിയ സീറോമലബാർ സിനഡിനെക്കുറിച്ചുള്ള വാർത്തകൾ പ്രസിദ്ധീകരിച്ച പ്രസ്തുത പത്രം മാർത്തോമാസ്ലീവയെ മലബാർ സഭയുടെ ചിഹ്നമായി അവതരിപ്പിച്ചു. 1986 ഫെബ്രു. 5–ന് മാർപാപ്പാ മൈലാപ്പൂരിലെ തോമാശ്ലീഹായുടെ കബറിടവും പെരിയമലയിലെ മാർത്തോമാസ്ലീവയും സന്ദർശിക്കുകയും അവിടെ പ്രാർത്ഥിക്കുകയും ചെയ്തു. മാർത്തോമാസ്ലീവയുടെ മുമ്പിൽ മാർപാപ്പ പ്രാർത്ഥിക്കുന്ന ചിത്രം റോമിൽ പ്രദർശിപ്പിക്ക

പ്പെടുകയുണ്ടായി. 1997 ജൂലൈ –3 ന് റവ.ഡോ.ജോസഫ് വഴുതനപ്പിള്ളി 'The Biblical and Archeological Foundations of The Malabar Cross' എന്ന ഗ്രന്ഥം മാർപാപ്പയ്ക്കു സമർപ്പിച്ചപ്പോൾ നല്കിയ മറുപടി ഇത്തരുണത്തിൽ ശ്രദ്ധേയമാണ്: “മാർത്തോമാ സ്ലീവ പുരാതന ക്രൈസ്തവകലയ്ക്ക് ഭാരതത്തിൽ നിന്നുള്ള ഒരു മകുടോദാഹരണമാണ്. ഭാരതത്തിലെ സഭയെ ഈ പ്രതീകം വഴി അതിപുരാതനസഭയുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്”.

‘1972–ൽ ഇന്ത്യാ ഗവൺമെന്റ് നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായുടെ 19–ാം ചരമശതാബ്ദി അനുസ്മരിച്ചുകൊണ്ട് ഒരു പോസ്റ്റൽ സ്റ്റാമ്പ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഇവിടുത്തെ സഭയുടെ പൊതുവായ അംഗീകാരത്തോടെ തിരഞ്ഞെടുത്തത് ഭാരതത്തിലെ പുരാതന സഭയുടെ പ്രതീകമായ മൈലാപ്പൂരിലെ മാർത്തോമാസ്ലീവയാണ്. തോമ്മാശ്ലീഹായുടെ പ്രേഷിത രംഗങ്ങളിലൊന്നായ നിലയ്ക്കലിൽ പത്ത് ക്രൈസ്തവ സഭാവിഭാഗങ്ങൾ സംയുക്തമായി യത്നിച്ചതിന്റെ ഫലമായിട്ടാണ് അവിടെ ഉയർന്നുവന്ന എക്യുമെനിക്കൽ ദൈവാലയം. അവർ അതിന്റെ പ്രധാനഭാഗത്ത് പൊതുവായി തിരഞ്ഞെടുത്ത് പ്രതിഷ്ഠിച്ചിരിക്കുന്നതും മാർത്തോമാസ്ലീവയാണ്. അതുപോലെ ഇവിടുത്തെ പുരാതന ദൈവാലയങ്ങളിലും ഭവനങ്ങളിലും പലയിടത്തും മാർത്തോമാസ്ലീവ ഉണ്ടായിരുന്നതായി വ്യക്തമായ തെളിവുകളുണ്ട്. മാർത്തോമാക്രിസ്ത്യാനികൾ ഈ പൊതുവായ പൈതൃകത്തിൽ എന്നും അഭിമാനിച്ചിരുന്നു. ഇതേക്കുറിച്ച് മറിച്ചൊരു ധാരണയും നിലവിലിരുന്നില്ല.

## സ്ലീവയോടുള്ള ഭക്തി

16–ാം നൂറ്റാണ്ടുവരെ മാർത്തോമാക്രിസ്ത്യാനികളുടെ ദൈവാലയങ്ങളിൽ സ്ലീവ ഒഴിച്ചു മറ്റുരൂപങ്ങളോ പ്രതിമകളോ ഉണ്ടായിരുന്നില്ലന്ന് റൗളിൻ സാക്ഷിക്കുന്നു (17). വിൻചെൻസോ മരിയ എന്ന പാശ്ചാത്യ മിഷനറി അവരുടെ ഭക്തിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. “അവരുടെ പള്ളികളുടെ മുമ്പിലും സമ്മേളനസ്ഥലങ്ങളുടെ മദ്ധ്യത്തിലും പൊതുസ്ഥലങ്ങളിലും തിരക്കുള്ളവഴികളിലും തടികൊണ്ടോ കരിങ്കല്ലുകൊണ്ടോ ഉള്ള വലിയ സ്ലീവകൾ സ്ഥാപിക്കപ്പെട്ടിരുക്കുന്നു. പല പടികളുള്ള മനോഹരമായ അടിത്തറകളിലാണ് അവ ഉറപ്പിച്ചിരിക്കുന്നത്. ചുറ്റും ധാരാളം തിരികൾ കത്തിച്ചുവയ്ക്കുന്നു. അവർ സ്ലീവയുടെ പക്കലേക്ക് പ്രദക്ഷിണമായി പോകുകയും പ്രാർത്ഥനകൾ അർപ്പിക്കുകയും പുറജാതികൾക്കു മുമ്പാകെ സ്ലീവയ്ക്കു പരസ്യമായി ആരാധന അർപ്പിക്കുകയും ചെയ്യുന്നു. അവർക്കു



നൽകപ്പെടുന്ന മെഡലുകളോടും ഭക്തസാധനങ്ങളോടും അവർക്കു വളരെ ആദരവുണ്ട്. എന്നാൽ അവയിൽ അവർക്ക് ഏറ്റവും പ്രിയങ്കരം സ്ലീവകളാണ്. അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ലഭിക്കാവുന്ന ഏറ്റവും വിലയേറിയ വസ്തു അതത്രേ. സ്ത്രീകളെല്ലാവരും സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള സ്ലീവ കഴുത്തിൽ ധരിക്കുന്നു. പുരുഷന്മാരിൽ പലരും അവ കുടുമ്മിയിലും വയ്ക്കുന്നു”[16]. ഇതായിരുന്നു ലത്തീൻ മേൽക്കോയ്മയ്ക്കു മുമ്പുള്ള സ്ഥിതി.

മാർത്തോമാ ക്രിസ്ത്യാനികൾ സ്ലീവയോട് വലിയ ബഹുമാനവും ഭക്തിയും എന്നും പുലർത്തിപ്പോരുന്നു. അവരുടെ പള്ളികളുടെ മുകളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ലീവയാണ് അവയെ ഹൈന്ദവ അമ്പലങ്ങളിൽ നിന്നു വേർതിരിച്ചു കാണിച്ചിരുന്നത്. തിരുനാൾ പ്രദക്ഷിണങ്ങളിലും ശവസംസ്ക്കാരയാത്രയിലും സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള മനോഹരമായ സ്ലീവകൾ അവർ വഹിക്കുന്നു. അത് ബലിപീഠത്തിൽവച്ച് വണങ്ങുന്നു. പള്ളിയുടെ മുമ്പിൽ വലിയ കരിങ്കൽ സ്ലീവകൾ സ്ഥാപിച്ചിരുന്നു. ഇപ്പോഴും അത്തരം കുരിശടികൾ സാധാരണമാണ്. തിരുനാൾ പ്രദക്ഷിണത്തിൽ ആ സ്ലീവയെ ചുറ്റുകയും ധൂപം, മണിയടി, വെടി, പടക്കം, വാദ്യമേളം എന്നിവയുടെ അകമ്പടിയോടെ അതിനെ വണങ്ങുകയും ചെയ്യുന്നു. സ്ലീവ കൊണ്ടുള്ള ആശീർവാദം സർവ്വസാധാരണമാണ്. മെത്രാൻമാർ കൈക്കുരിശ് ഉപയോഗിക്കണം. കുരിശ് വരച്ചുകൊണ്ടാണ് എല്ലാകാര്യങ്ങളും ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും . സ്ലീവ ചുംബനം റാസയിലെ പ്രധാനകർമ്മമാണ്. സ്ലീവയോട് ഭക്തി പ്രദർശിപ്പിക്കുന്ന ധാരാളം പ്രാർത്ഥനകളുണ്ട്. മദ്ബഹാഗീതം അതിന് ഉദാഹരണമാണ്. “സ്ലീവ നമുക്ക് അനുഗ്രഹങ്ങളുടെ ഉറവിടമാകുന്നു. അതുവഴി മർത്യഗണം രക്ഷിക്കപ്പെട്ടിരിക്കുന്നു. കർത്താവേ, ഈ സ്ലീവ ഞങ്ങൾക്ക് ഉറപ്പുള്ള കോട്ടയായിരിക്കട്ടെ. അതുവഴി ഞങ്ങൾ പിശാചിനെയും അവന്റെ കെണികളെയും ജയിക്കട്ടെ”.

പോർട്ടുഗീസുകാർ വരുന്നതിനുമുമ്പ് ഇവിടുത്തെ പള്ളികളിൽ വെറും കുരിശു മാത്രമേ ഉണ്ടായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവർ ഉദയംപേരൂർ സൂനഹദോസിന്റെ പശ്ചാത്തലവും തീരുമാനങ്ങളും പ്രസിദ്ധീകരിച്ച അന്തോണിയോ ദെ ഗുവേയ എന്ന അഗസ്റ്റീനിയൻ സന്യാസി പറയുന്നത് ശ്രദ്ധിക്കുക. “The old churches were all built in pagoda fashion, but all full of crosses like those of Saint Thomas Miracle (Mylapore) which is called St.Thomas Cross. Hence one can see how much older than Portuguese times is the veneration, love and the shape of this cross. For the ancient christian churches, built long before the coming of Portuguese, were all or-

namented with them both painted and graven". (Antonio de Gouvea, Jornada do Arcebispo....., Coimbra, 1606, P 61).

മാർത്തോമ്മാ നസ്രാണികളുടെ പല പുരാതന ദൈവാലയങ്ങളിലും ഭവനങ്ങളിലും മാർത്തോമാസ്ലീവയുടെ വിവിധരൂപങ്ങൾ ഉണ്ടായിരുന്നവെന്നത് ഒരു ചരിത്ര സത്യമാണ്. ചൈനയിലെ സിയാൻഫൂ ലങ്കയിലെ അനുരാധപുരം, മൈലാപ്പൂർ, കോട്ടയം, കടമറ്റം, ആലങ്ങാട്, മുട്ടുചിറ, കടുത്തുരുത്തി, കോതനല്ലൂർ, ചങ്ങനാശ്ശേരി എന്നിങ്ങനെ പല സ്ഥലങ്ങളിലും പുരാതനകാലം മുതൽ മാർത്തോമ്മാസ്ലീവ ഉള്ളതായി കാണാം. ഇവ അനിഷേധ്യമായ തെളിവുകളായി നിലകൊള്ളുന്നു. പിന്നെങ്ങനെ മാർത്തോമാസ്ലീവകൾ അപ്രത്യക്ഷമായി എന്നു ചിന്തിച്ചേക്കാം. 16–ാം നൂറ്റാണ്ടിൽ പാശ്ചാത്യപാരമ്പര്യവുമായി ഭാരതത്തിലേക്കു കടന്നുവന്ന പോർച്ചുഗീസുകാരും മറ്റുസ്ഥലങ്ങളിൽ നിന്നുള്ള മിഷനറിമാരും തങ്ങളുടെ തന്നെ പാരമ്പര്യം മാത്രം പ്രചരിപ്പിക്കുന്നതിൽ തീക്ഷണമതികളായിരുന്നു. മൂന്നു നൂറ്റാണ്ടുകളോളം മാർത്തോമാ നസ്രാണികളെ അവർ അടക്കി ഭരിച്ചു. പിന്നീട് വൈദീകപരിശീലനം അവരുടെ കുത്തകയായി തുടർന്നു. തത്ഫലമായി നസ്രാണി പാരമ്പര്യം പുനരുദ്ധരിക്കുന്നതിനോ തങ്ങളുടേതായ പ്രതീകങ്ങളുടെ മഹത്ത്വവും അർത്ഥവും വ്യാപ്തിയും മനസ്സിലാക്കുന്നതിനോ സാധിക്കാത്ത സ്ഥിതിവിശേഷത്തിലാണ് മാർത്തോമാ ക്രിസ്ത്യാനികൾ. നമ്മുടെ ദൈവാലയങ്ങൾ നൂറ്റാണ്ടുകൾക്കപ്പുറത്തു നിലനിൽക്കുന്ന തര' ത്തിലല്ലല്ലോ പണിതീർത്തിരുന്നത്. തത്ഫലമായി പഴയദൈവാലയങ്ങൾ വിദേശലത്തീൻമെത്രാൻമാരുടെ കാലത്ത് പൊളിച്ചുപണിയേണ്ടിവന്നപ്പോൾ പാശ്ചാത്യസഭാപാരമ്പര്യങ്ങൾ നമ്മുടെ ദൈവാലയ നിർമ്മാണത്തിലും സംവിധാനത്തിലും കടന്നുവന്നു. ക്രൂശിതരൂപങ്ങൾ മാത്രം സ്ഥാപിതമായി!.

നസ്രാണി പാരമ്പര്യങ്ങളെ ഉന്മൂലനം ചെയ്യുന്ന ഇത്തരം പ്രതികൂല സാഹചര്യങ്ങളെ വിലയിരുത്തുമ്പോൾ മാർത്തോമ്മാസ്ലീവ നമ്മുടെ ഏതാനും പള്ളികളിൽ ഇപ്പോഴും അവശേഷിക്കുന്നതുതന്നെ അത്ഭുതമെന്നേ പറയേണ്ടു. ഇപ്പോഴും ലത്തീൻ പാരമ്പര്യം അനുസരിച്ച് പരിശീലനം കിട്ടിയ നസ്രാണിവൈദീകരും സന്യസ്തരുമൊക്കെ മാർത്തോമ്മാസ്ലീവയ്ക്ക് എതിരെ പ്രവർത്തിക്കുമ്പോൾ അവരുടെ അന്യവത്കരണം എത്ര അഗാധമെന്ന് വ്യക്തം. വിദേശികൾ പോയിട്ടും പാശ്ചാത്യരീതിയിൽ വൈദീകപരിശീലനവും ഭക്താഭ്യാസനവും നടത്തുകയും മാതൃസഭയുടെ പുരാതനവും പാവനവുമായ പ്രതീകങ്ങളെപ്പോലും അംഗീകരിക്കാൻ കഴിയാത്തവിധം മാതൃസഭയിൽ നിന്ന് അകന്നുപോവുകയും ചെയ്യുന്നത് സങ്കടകരമത്രേ.



## മാനിക്കേയനോ?

മാർത്തോമ്മാസ്ലീവായെപ്പറ്റിയും മാർത്തോമാ പാരമ്പര്യങ്ങളെപ്പറ്റിയും ശാസ്ത്രീയമായി പഠനം നടത്തിയിട്ടുള്ളവരിലാരും മാർത്തോമാസ്ലീവ മാനിക്കേയനാണെന്നു പറഞ്ഞിട്ടില്ല. ഈ അടുത്തകാലത്ത് കപ്പൂച്ചിൻ സന്യാസിവൈദികനായ ഫാ.ബെനഡിക്ട് മാർത്തോമാപാരമ്പര്യങ്ങളെപ്പറ്റി ആഴത്തിൽ ഗവേഷണം നടത്തി. 1995–ൽ "Origin of India's St.Thomas Christians: A Historiographical Critique" എന്ന പേരിൽ തന്റെ ഗവേഷണ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ മാർത്തോമ്മാസ്ലീവായെപ്പറ്റിയും പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. മാർത്തോമ്മാസ്ലീവ അവരുടെ ക്രൈസ്തവവിശ്വാസത്തിന്റെ പ്രതീകമാണെന്നും അതിനെ മാനിക്കേയനെന്നോ നെസ്തോറിയനെന്നോ വിളിക്കുന്നത് ചരിത്രത്തിനോ പാരമ്പര്യത്തിനോ നിരക്കുന്നതല്ലെന്നും ഭാരതനസ്രാണികളുടെ ഏറ്റവും പുരാതനമായ ക്രൈസ്തവപ്രതീകമാണെന്നും അദ്ദേഹം പറയുന്നു.

" These were revered because they were expressions of their Christian faith. Labelling it " Manichean " or "Nestorian"finds justification neither from tradition nor from history. The St. Thomas cross continues to be rightly venerated as it is the most ancient christian emblem as yet discovered in India"

(Benedict Vadakkekara, *Origin of India's St. Thomas Christians: A Historiographical Critique*, New Delhi, 1995, p.408)

## വിവാദത്തിന്റെ ആരംഭവും പശ്ചാത്തലവും

ആദ്യമായി മാർത്തോമ്മാസ്ലീവായെ മാനിക്കേയിസവുമായി ബന്ധിപ്പിച്ചത് ഒരു പി.വി.മാത്യുവാണ്. അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ ക്രൈസ്തവികതയെക്കുറിച്ചു മാത്രമല്ല ചരിത്രത്തെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചുമെല്ലാം വളരെ വിചിത്രമായ ആശയങ്ങളും ഭാവനാപൂർണ്ണമായ വിവരണങ്ങളും അടിസ്ഥാനരഹിതങ്ങളായ നിഗമനങ്ങളുമെല്ലാം ധാരാളമായിട്ടുണ്ട്. അദ്ദേഹത്തിന്റെ *മാർത്തോമാ അൽതേം* (1974 എറണാകുളം), *മാർത്തോമായും മാർ മാനിയും* (1977, എറണാകുളം, *സുഗന്ധനാടു നസ്രാണിചരിത്രം* (1989, എറണാകുളം), *ചേരനാട് ചരിത്രം* (1989 എറണാകുളം), *കേരളത്തിലെ നസ്രാണികൾ* (1991 എറണാകുളം) എന്നീ പുസ്തകങ്ങൾ വായിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ ആശയങ്ങളുടെ ബാലിശത സ്പഷ്ടമാകുന്നതാണ്. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായി വർഷങ്ങളോളം പണ്ഡിതൻമാരാരും അവയെ ഗൗരവമായി എടുത്തിട്ടില്ല.

എന്നാൽ ശ്രീ.പി.വി. മാത്യുവിന്റെ ചില ആശയങ്ങളെ അവലംബമാക്കി ശ്രീ. പി.കെ മാത്യു ഏറ്റുമാനൂരാണ് 1991 മെയ്മാസത്തെ *അസ്സീസി* മാസികയിലൂടെ കുരിശുവിവാദത്തിനു തീ കൊളുത്തിയത്. അതിന്റെ പശ്ചാത്തലം കൂടി മനസ്സിലാക്കിയാലേ വിവാദത്തിന്റെ സ്വഭാവം വ്യക്തമാവുകയുള്ളു.

1988 ഏപ്രിൽ മാസം 21-ാം തീയതിയാണ് അതിരമ്പുഴപള്ളിയിലെ മദ്ബഹയിൽ നിന്ന് ക്രൂശിതരൂപം മാറ്റി മാർത്തോമ്മാസ്ലീവ പ്രതിഷ്ഠിക്കപ്പെട്ടത്. (1963-ലാണ് ആ ക്രൂശിതരൂപം മദ്ബഹായിൽ വച്ചതെന്ന് ക്രൂശിതരൂപം നിർമ്മാതാക്കളായ ചമ്പക്കുളം ജിയോ ഫൈൻ ആർട്ട് അതിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്). മദ്ബഹായിൽ മാർത്തോമ്മാസ്ലീവയുടെ പ്രസക്തിയെക്കുറിച്ച് പ്രബോധനം നല്കപ്പെട്ടതുകൊണ്ട് അതിരമ്പുഴ ഇടവകക്കാർ സാമാന്യമായി അത് അംഗീകരിക്കുകയും ചെയ്തു. അതിനു രണ്ടുവർഷങ്ങൾക്കുശേഷം 1990-ലാണ് ശ്രീ. പി.കെ മാത്യുവിന്റെ നേതൃത്വത്തിൽ ഏതാനും ചിലർ ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള അത്മായസംഘടനയുടെ ശാഖയായോ, മാതൃകയിലോ അതിരമ്പുഴ അൽമായ സംഘടന എന്ന പേരിൽ കുരിശുരൂപത്തിനു വേണ്ടി രംഗത്തു വരുന്നത്. യഥാർത്ഥത്തിൽ കുരിശുരൂപത്തോടുള്ള സ്നേഹമാണ് വിഷയമെങ്കിൽ 1988-ൽ തന്നെ അതു ചെയ്യണമല്ലോ. എന്തെങ്കിലും വ്യക്തിപരമായ കാരണങ്ങളുടെ പേരിൽ ഇടവകകൂട്ടായ്മയോട് യോജിക്കാതെ നില്ക്കുന്ന ചുരുക്കം ചിലരുടെ ജല്പനമായേ അതിരമ്പുഴക്കാർ ഈ ശ്രമത്തെ കണ്ടിട്ടുള്ളൂ. തങ്ങളുടെ ശ്രമത്തിന് അതിരമ്പുഴയിൽ വലിയ വില ലഭിക്കുന്നില്ല എന്ന തോന്നലിന്റെ പശ്ചാത്തലത്തിലാണ് ശ്രീ. പി. കെ. മാത്യു 1991 മെയിൽ *അസ്സീസി*യിൽ എഴുതുന്ന്. തുടർന്ന് അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും *അസ്സീസി*യിലും മറ്റു മാസികകളിലും വന്ന ലേഖനങ്ങളാണ് കുരിശു വിവാദമായി മാധ്യമങ്ങൾ ചിത്രീകരിച്ചത്. അതിന്റെയെല്ലാം അവസാനം *സീറോ മലബാർ ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി* മാർത്തോമ്മാസ്ലീവയെക്കുറിച്ച് പ്രസിദ്ധീകരിച്ച പുസ്തകം തുടങ്ങുന്നത് അതിരമ്പുഴ അൽമായ സംഘടനയുടെ ഒരു ലീഫ്ലെറ്റ് ഉദ്ധരിച്ചുകൊണ്ടാണ്. വാസ്തവത്തിൽ മാധ്യമങ്ങൾ അവതരിപ്പിച്ചതുപോലെയല്ല സംഗതികൾ എന്ന് ഇതു വ്യക്തമാക്കുന്നു.

## മാനിക്കേയൻ ആരോപണം

മാർത്തോമാസ്ലീവ മാനിക്കേയനാണ് എന്നു പറയുന്നവരുടെ വാദമുഖങ്ങൾ താഴെ കൊടുക്കുന്നു:

1. മൂന്നാം നൂറ്റാണ്ടിൽ റൂഹാദ്ക്കുദ്ശ തമ്പുരാന്റെ മനുഷ്യാവതാരമെന്ന്



അവകാശപ്പെട്ടുകൊണ്ട് മാനി എന്നൊരാൾ പേർഷ്യയിൽ പ്രത്യക്ഷപ്പെട്ടു. അയാൾ സ്ഥാപിച്ച പുതിയ മതമാണ് മാനിക്കേയൻ മതം. ഈ പുതിയ മതസ്ഥർ തങ്ങളുടെ ദേവാലയങ്ങളിൽ വിശ്വാസികളുടെ വണക്കവസ്തുവായി പ്രത്യേക പ്രതീകങ്ങളോടുകൂടിയ ഒരുതരം കുരിശു പ്രതിഷ്ഠിക്കുകയുണ്ടായി. ആ കുരിശിന്റെ തനി പകർപ്പാണ് ഈയിടെ മാർത്തോമ്മാ കുരിശെന്ന പേരിൽ നമ്മുടെ ദൈവാലയങ്ങളിൽ സ്ഥാനംപിടിച്ചിരിക്കുന്ന പേർഷ്യൻ കുരിശ് (*അസ്സീസി* മെയ് 1991, പി. കെ. മാത്യു പേജ്. 24).

2. 'കുരിശിനടിയിലായി കാണിച്ചിരിക്കുന്നത് താമരപ്പൂവല്ല;' നന്മയുടെ ലോകങ്ങളിലേയ്ക്ക് തിന്മയുടെ ആകർഷണശക്തി കടത്തിവിടാതിരിക്കുവാൻ മാനി നിർമ്മിച്ച സംരക്ഷണവലയങ്ങളുടെ പ്രതീകങ്ങളാണവ (*Ibid* p.26).

3. 'കുരിശിന്റെ മുകളിലുള്ള പ്രാവ് സാക്ഷാൽ മാനി തന്നെയാണ്'. (Ibid). ഈ നിഗമനങ്ങളെ സാധൂകരിക്കുന്ന രീതിയിൽ മാർത്തോമാസ്ലീവായ്ക്ക് ചുറ്റുമുള്ള *പാഹ്ലവി* ലിഖിതങ്ങളുടെ ഒരു വ്യാഖ്യാനവും ശ്രീ. മാത്യു നല്കുന്നുണ്ട്. ഈ ആശയങ്ങളുടെ ചുവടുപിടിച്ചാണ് വിവാദങ്ങൾ മുഴുവനും ഉണ്ടായത്. അതിനാൽ ഈ ആശയങ്ങൾ ഓരോന്നായി പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു.

## മാനിക്കേയൻ മതവും മാനിയും

മാർത്തോമാസ്ലീവ മാനി നിർമ്മിച്ച കുരിശിന്റെ തനി പകർപ്പാണെന്നതാണല്ലോ പ്രധാന ആരോപണം. മാനിയേയും മാനിക്കേയൻ മതത്തേയും കുറിച്ച് മനസ്സിലാക്കിക്കൊണ്ടുവേണം ഈ ആരോപണം തെളിയിക്കപ്പെടാൻ.

20-ാം നൂറ്റാണ്ടിലെ ഗവേഷണപഠനങ്ങൾ പുതിയ വെളിച്ചം വീശുന്നതുവരെ മാനിക്കേയിസത്തെക്കുറിച്ച് പല തെറ്റായ ധാരണകളുമുണ്ടായിരുന്നു. അതിൽ പ്രധാനം അതൊരു ക്രിസ്തീയ അബദ്ധപ്രബോധനം (heresy) ആണെന്നായിരുന്നു. 1930ൽ ഈജിപ്തിൽ നിന്നു കണ്ടെടുക്കപ്പെട്ട രേഖകളും തുടർന്നുള്ള പഠനങ്ങളും മാനിക്കേയിസം സ്വന്തം നിലയിൽ ഒരു ലോകമതമായിരുന്നുവെന്നു തെളിയിച്ചിട്ടുണ്ട്. ക്രൈസ്തവമതത്തിന്റെ ചില പദപ്രയോഗങ്ങൾ മാനി ഉപയോഗിച്ചു എന്നു മാത്രം. തെക്കൻ ബാബിലോണിയായിൽ (ഇറാക്ക്) എ.ഡി. 216 ഏപ്രിൽ 14-ാം തീയതിയാണ് മാനി ജനിച്ചത്. കുബ്രിക്കസ് എന്നായിരുന്നു ആദ്യത്തെ പേര്. വെളിപാടുകളെ തുടർന്ന് 'മാനി' എന്ന പേരു സ്വീകരിച്ച് തന്റെ മതസംഹിതയുടെ പ്രചാരണം ആരംഭിച്ചു. സൊരാഷ്ട്രിയൻ മതത്തിൽനിന്നും പല എതിർപ്പുകളും നേരിടേണ്ടി വന്നു. നിരവധി യാത്രകൾ നടത്തി. എ.ഡി. 277-ൽ ഷാപ്പൂർ

രാജാവിന്റെ മകൻ വഹരം ഒന്നാമൻ മാനിയെ വധിച്ചു. മാനിയെ കുരിശിൽ തറച്ചല്ല കൊന്നത്. ജയിലിൽ കിടന്ന് പീഡകൾ സഹിച്ചാണ് അദ്ദേഹം മരിച്ചത്. തുടർന്ന് അദ്ദേഹത്തെ ഗളച്ഛേദം ചെയ്തു നഗരകവാടത്തിങ്കൽ തൂക്കിയിട്ടു. പിൽക്കാലത്ത് ഇതിനെ മാനിക്കേയർ മാനിയുടെ പീഡാനുഭവവും സ്വർഗ്ഗാരോഹണവും' (passion and ascension) എന്നു വിളിച്ചു.

മാനിയുടെ മതസംഹിതയായ മാനിക്കേയൻ മതത്തെപ്പറ്റി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു. "Manichism was a particularly interesting variety of Gnosticism, a dualistic religion that postulated salvation through a special knowledge of spiritual truth' (Ency. Brit. Vol. 11 Macropedia P. 445) അതായത് ആത്മീയ സത്യത്തിന്റെ പ്രത്യേക ജ്ഞാനം വഴി രക്ഷ പ്രാപിക്കുന്ന ഒരു പ്രത്യേക തരം അജ്ഞേയവാദമായിരുന്നു മാനിക്കേയൻ മതം. ലോകത്തെ നന്മയുടേതെന്നും തിന്മയുടേതെന്നും വേർതിരിച്ചു കാണുന്ന ഒരു ദ്വൈതസങ്കല്പവും അതിന്റെ പ്രത്യേകത ആയിരുന്നു. പ്രകാശത്തിന്റെ ലോകവും ഇരുട്ടിന്റെ ലോകവും തമ്മിൽ നിരന്തര സമരത്തിലാണ്. ഇരുട്ടിന്റെ ശക്തി വിജയിക്കുമ്പോൾ പ്രകാശത്തിന്റെ ശക്തി ആത്മാവായി പല അവതാരങ്ങളായി ലോകത്തിലേക്കു വന്നു. ഈ അവതാരങ്ങളിൽ ഒടുവിലത്തെ ദൂതനാണ് മാനി. അവതാരത്തിലൂടെ ശരിയായ ജ്ഞാനവും വെളിച്ചവും ഗ്രഹിക്കുന്നവർ രക്ഷ പ്രാപിക്കുന്നു.

ക്രിസ്തുമതത്തിന്റെ പല പദപ്രയോഗങ്ങളും തന്റെ മതസംവിധാനത്തെ വിശദീകരിക്കുവാൻ മാനി ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെ പന്ത്രണ്ട് അപ്പസ്തോലന്മാർ, എഴുപത്തിരണ്ട് മെത്രാന്മാർ, ഡീക്കന്മാർ തുടങ്ങിയൊരു സംവിധാനം ആ മതത്തിനുണ്ടായി. അതുപോലെ മാനിയുടെ ഗ്രന്ഥങ്ങളുടെ പേരുകൾ പലതും ക്രൈസ്തവമെന്ന് തോന്നിക്കുന്നതാണ്. ഉദാഹരണം The living Gospel' (ജീവിക്കുന്ന സുവിശേഷം) 'Epistles' (ലേഖനങ്ങൾ), 'Book of Psalms and Prayers' (സങ്കീർത്തനങ്ങളും പ്രാർത്ഥനകളും). മാനി തന്നെപ്പറ്റിത്തന്നെ '*പാരക്ലേത്ത*' എന്നും പറയുന്നുണ്ട്. ഇത്തരം ബാഹ്യമായ സാദൃശ്യങ്ങളൊഴിച്ചാൽ ക്രൈസ്തവമതവുമായി യാതൊരു സാമ്യവുമില്ലാത്തൊരു ദർശനമാണ് മാനിയുടേത്. അതൊരു ക്രൈസ്തവ പാഷണ്ഡതയായി കണക്കാക്കപ്പെട്ടതുതന്നെ തീർത്തും അടിസ്ഥാനരഹിതമാണ്. വിവാഹം, ലൈംഗികബന്ധം, മാംസാഹാരം, സുഖഭോഗങ്ങൾ, കൈത്തൊഴിലുകൾ എന്നിവയെല്ലാം തെറ്റാണെന്ന് മാനി പഠിപ്പിച്ചു. ഇതൊക്കെ കർശനമായി പാലിച്ചിരുന്നവരാണ് രക്ഷയുടെ മാർഗ്ഗത്തിലുള്ള തിരഞ്ഞെടുക്കപ്പെട്ടവർ (Elect). 'പ്രകാശകണികകൾ' ധാരാളമുള്ള സസ്യഭക്ഷണം, അതിലേറ്റം വിശേഷപ്പെട്ട വെള്ളരിക്ക (Melon) ആണവർ കഴിച്ചിരുന്നത്. അവർ '*പ്രകാശവിമോചകർ*' (Liberatours of Light) എന്നും വിളി



ക്കപ്പെട്ടിരുന്നു. ഈ സംവിധാനം അനുസരിച്ച് മനുഷ്യജീവിതം സാധ്യമല്ലാത്തതിനാൽ കുറഞ്ഞ പൂർണ്ണതയിലുള്ള '*കേൾവിക്കാർ*' (Auditors) എന്നൊരു വിഭാഗത്തെയും മാനി അനുവദിച്ചിരുന്നു. വിവാഹം കഴിച്ചു ജീവിച്ചിരുന്ന ഇവർ രക്ഷ പ്രാപിക്കുന്ന കാര്യത്തിൽ മാനിക്കേയമതം ഉറപ്പൊന്നും പറയുന്നില്ല. മുസ്ലീങ്ങളെപ്പോലെതന്നെ ഏതുതരത്തിലുള്ള വിഗ്രഹാരാധനയോടും കൊത്തുരൂപങ്ങളോടും അവർ കർശനമായി എതിർപ്പു പ്രകടിപ്പിച്ചിരുന്നു. (Encyclo. Britanica M.P. Vol. II P. 446). കാരണം ജ്ഞാനത്തിലൂടെയുള്ള രക്ഷയാണ് ഈ മതത്തിന്റെ കാതൽ എന്നതുതന്നെ. മാനിയുടെ പീഡാനുഭവവും സ്വർഗ്ഗാരോഹണവും അനുസ്മരിപ്പിച്ചിരുന്ന ബേമാ പെരുന്നാളാണ് ഏറ്റവും പ്രധാന മാനിക്കേയൻ ഉത്സവം. ഏറ്റവുമധികം വെള്ളരിക്കാ ഭക്ഷിക്കപ്പെട്ടിരുന്നതും ഈ തിരുനാളിനോടനുബന്ധിച്ചാണ്. 6–ാം നൂറ്റാണ്ടോടെ മാനിക്കേയമതം സമ്പൂർണ്ണമായി നശിച്ചു.

## മാനിക്കേയൻ കുരിശോ?

മാനിക്കേയൻ മതത്തെക്കുറിച്ചുള്ള ഈ പഠനത്തിൽ നിന്നുവേണം മാർത്തോമാ സ്ലീവ മാനിക്കേയൻ കുരിശിന്റെ തനിപ്പകർപ്പാണെന്ന ആരോപണം പരിശോധിക്കപ്പെടാൻ. 'മാനിക്കേയർ തങ്ങളുടെ ദേവാലയങ്ങളിൽ വണക്കവസ്തുവായി ഒരു പ്രത്യേകതരം കുരിശ് സ്ഥാപിക്കുകയുണ്ടായി' എന്ന പ്രസ്താവന തീർത്തും അടിസ്ഥാനരഹിതവും നൂറുശതമാനം അബദ്ധജടിലവുമാണ്. കുരിശെന്നല്ല ഏതെങ്കിലും തരത്തിലുള്ള പ്രതീകങ്ങൾ ആരാധനയ്ക്ക് മാനിക്കേയർ ഉപയോഗിച്ചിരുന്നു എന്ന് ഇന്നുവരെയും മാനിക്കേയമതത്തെക്കുറിച്ച് പഠിച്ചിട്ടുള്ള ഒരു പണ്ഡിതനും പറഞ്ഞിട്ടില്ല. അങ്ങനെയൊരു നിഗമനത്തിലേക്കു നയിക്കുന്ന യാതൊരു രേഖകളും തെളിവുകളും ഇതുവരെ കണ്ടെടുക്കപ്പെട്ടിട്ടുമില്ല.

പി. വി. മാത്യുവിന്റെ പുസ്തകത്തിലും പി.കെ.മാത്യുവിന്റെ *അസ്സീസി, സത്യദീപം* ലേഖനങ്ങളിലും മാനിക്കേയൻ കുരിശെന്ന അടിക്കുറിപ്പോടുകൂടി മാർത്തോമ്മാസ്ലീവായോട് വളരെയേറെ രൂപസാദൃശ്യമുള്ള ഒരു ചിത്രം ചേർത്തിരുന്നു. ഈ കുരിശ് എവിടെയാണുള്ളതെന്നും ഇതാരു കണ്ടെടുത്തുവെന്നും, ഇത് മാനിക്കേയൻ കുരിശാണെന്ന് ആരു പറഞ്ഞുവെന്നും ലേഖനകർത്താക്കൾ വ്യക്തമാക്കിയിട്ടില്ല. ഒരു മാർത്തോമാകുരിശിന്റെ പടം പ്രസിദ്ധീകരിക്കുക. എന്നിട്ട് മാർത്തോമ്മാസ്ലീവ മാനിക്കേയനാണെന്ന് പറയുക – ഉത്തരം ഗവേഷണത്തിന് അസാധാരണമായ ഭാവനാവിലാസവും ചങ്കൂറ്റവും കൂടിയേ തീരൂ. മാർത്തോമാ നസ്രാണികളുടെ സഭയോട് ബന്ധപ്പെട്ടല്ലാതെ പേർഷ്യയിലോ, മാനിക്കേയമതം രൂപം കൊണ്ട് വളർന്ന സ്ഥലങ്ങളിലോ ഇത്തരം കുരിശുകളോ അതിന്റെ അവശിഷ്ടങ്ങളോപോലും

കണ്ടെടുക്കപ്പെട്ടിട്ടില്ല എന്നോർക്കുക.


മാനിക്കേയൻ കുരിശുസിദ്ധാന്തത്തിന്റെ പ്രവാചകനായി മാറിയ പി. കെ. മാത്യു തന്റെ *അസ്സീസ്സി* ലേഖനത്തിൽ അതീവ ഗുരുതരമായ ഒരു ചരിത്രപിശകുകൊണ്ട് തന്റെ നിഗമനത്തിന്റെ അടിസ്ഥാനശൂന്യതയെ താനറിയാതെ വെളിവാക്കുന്നുണ്ട്. നാലാം നൂറ്റാണ്ടിലാണ് ക്രൈസ്തവർ കുരിശും കുരിശിനു സമാനമായ പ്രതീകങ്ങളും ഉപയോഗിക്കാൻ തുടങ്ങിയതെന്ന്, അതിനുള്ള കാരണം അതുവരെ മതമർദ്ദന ഭീഷിണിയിൽ കഴിഞ്ഞിരുന്ന ക്രൈസ്തവർക്ക് റോമൻ ചക്രവർത്തിയുടെ മാനസാന്തരവും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കുരിശു കണ്ടെടുക്കലുമാണ് കളമൊരുക്കിയതെന്ന് പി. കെ. മാത്യു പ്രസ്താവിക്കുന്നത് തികച്ചും ശരിയാണ് (*അസ്സീസി*, മെയ് 1991 – പേജ് 27). എ.ഡി. 312ന് ശേഷമാണ് കോൺസ്റ്റന്റയിൻ ചക്രവർത്തി മാനസാന്തരപ്പെടുകയും 313 ഫെബ്രുവരിയിലെ 'മിലാൻ വിളംബര'ത്തിലൂടെ മതസ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തത്. എ. ഡി. 326–ലാണ് അദ്ദേഹത്തിന്റെയും ഹെലേനരാജ്ഞിയുടേയും ഉത്സാഹത്തിൽ ജറുസലേമിൽ മിശിഹായുടേതെന്നു വിശ്വസിക്കപ്പെട്ട കുരിശു കണ്ടെടുക്കപ്പെട്ടത്. ഇനി മാനി ജനിച്ചത് എ.ഡി. 214–ഉം മരിച്ചത് 277–ലുമാണെന്ന് ശ്രദ്ധിക്കുക. മാനി കുരിശു സ്ഥാപിച്ചു എന്ന് പറയുന്നതിലെ വൈരുദ്ധ്യം മറച്ചുവയ്ക്കാനാകുമോ? ചരിത്രത്തിന് നിരക്കാത്ത പ്രസ്താവനകൾ കൊണ്ട് എത്രകാലം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാകും?

ഇനിയും മാർത്തോമാസ്ലീവായ്ക്കു കൊടുക്കപ്പെട്ട മാനിക്കേയൻ വ്യാഖ്യാനങ്ങളെപ്പറ്റി പറയാം. കുരിശിന്റെ താഴെയുള്ള ചിത്രീകരണം താമരപ്പൂവല്ല. ഇരുണ്ട ലോകങ്ങളെയും പ്രകാശലോകങ്ങളെയും വേർതിരിക്കാനുള്ള സംരക്ഷണവലയങ്ങളാണെന്നാണല്ലോ വാദം. മാനി ഈ ദ്വിത്വലോക സങ്കല്പത്തെക്കുറിച്ച് പറയുന്നുണ്ടെന്നത് ശരി. പക്ഷെ കണ്ടെടുക്കപ്പെട്ടിട്ടുള്ള മാനിക്കേയൻ രേഖകളിലൊന്നും സൂചനപോലും ഇല്ലാത്ത കാര്യങ്ങൾ മാനിയുടെ പുസ്തകത്തിൽ നിന്നെടുത്തെഴുതിയെന്ന് ധ്വനിപ്പിക്കുന്ന രീതിയിലാണ് ലേഖനകർത്താക്കൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതൊക്കെ അവരുടെ ഭാവനയിൽ നിന്ന് വിരിഞ്ഞ വ്യാഖ്യാനങ്ങളല്ലെന്നു കാണിക്കാൻ ഏതെങ്കിലും തെളിവുകൾ ഉദ്ധരിക്കണമല്ലോ. അതൊന്നുമില്ലാതെ കുരിശിനെക്കുറിച്ചൊന്നും പറയാത്ത മാനിയാണ് മാർത്തോമാസ്ലീവായുടെ താഴെ സംരക്ഷണവലയങ്ങൾ നിർമ്മിച്ചതെന്നു പ്രസ്താവിക്കുന്നവരുടെ വൈജ്ഞാനിക സത്യസന്ധതയെക്കുറിച്ച് എന്തു പറയണം.

മാനിക്കേയൻ ആരോപണത്തിന്റെ അടുത്ത തെളിവായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത് മാർത്തോമാസ്ലീവായിലെ പ്രാവാണ്. അതിനു കാരണം മാനി താൻ തന്നെ *പാരക്ലേത്തയാണ്* എന്ന് വിശ്വസിച്ചിരുന്നു എന്നതാണ്. *പാരക്ലേത്താ* തന്നിൽ അവതരിച്ചുവെന്ന് മാനി അവകാശപ്പെടുന്നുണ്ടെങ്കിലും *പാരക്ലേത്ത* എന്നതുകൊണ്ട് അദ്ദേഹം എന്താണർത്ഥമാക്കുന്നതെന്ന് വ്യക്തമല്ല[7]. കൂടാതെ മാനിയുടെ അടയാളമാണ് പ്രാവെന്ന് അദ്ദേഹമോ അനുയായികളോ അവകാശപ്പെട്ടിട്ടില്ല. മാനിക്കു നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകമായി സഭയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. പ്രാവുള്ളതെല്ലാം മാനിക്കേയൻ ആണെങ്കിൽ ആദ്യം സുവിശേഷങ്ങൾ മാനിക്കേയനാണെന്നു പറയേണ്ടിവരും. നാലു സുവിശേഷങ്ങളും പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവിനെ അവതരിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട രക്ഷകനും സമാധാനത്തിന്റെ ദൗത്യവാഹകനുമാണ് അവിടുന്നെന്ന് ഈ പ്രാവിന്റെ രൂപം പ്രതീകാത്മകമായി അവതരിപ്പിക്കുന്നു. തന്മൂലം പുരാതന ക്രൈസ്തവകലകളിൽതന്നെ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്നു. സ്ലീവായുടെ മുകളിൽ റൂഹായുടെ പ്രതീകമായിട്ടു പ്രാവിനെ എന്നും ചിത്രീകരിച്ചുപോന്നു. വിദേശത്തും നമ്മുടെ നാട്ടിലും നിരവധി ഉദാഹരണങ്ങൾ നമുക്കു കണ്ടെത്താൻ സാധിക്കും. മാഞ്ചെസ്റ്റർ യൂണിവേഴ്സിറ്റിയുടെ വൈറ്റ് വർത്ത് ആർട്ട് ഗാലറിയിൽ ഒരു കുരിശും അതിനു മുകളിൽ അവരോഹണരൂപത്തിലുള്ള പ്രാവ്, അതിനും മുകളിൽ പിതാവായ ദൈവം എന്നിങ്ങനെ ചിത്രീകരിച്ചിട്ടുണ്ട്. സിറിയൻ ഓർത്തഡോക്സ് സഭയുടെ പഴഞ്ഞിയിലുള്ള മർത്താമറിയം ദൈവാലയത്തിന്റെ മദ്ബഹായുടെ മുകളിൽ പിതാവായ ദൈവത്തിന്റെ വലത്തുകൈയ്യിൽ ഒരു സ്ലീവയും ശിരസ്സിൽ അവരോഹണരൂപത്തിലുള്ള ഒരു പ്രാവും കാണാം. ത്രിയേകദൈവത്തിന്റെ മനോഹരമായ ഒരു പ്രതീകാത്മക ചിത്രമാണത്. സ്ലീവായോടും മാമ്മോദീസത്തൊട്ടിയോടും ബന്ധപ്പെടുത്തി പ്രാവിനെ ചിത്രീകരിച്ചിരിക്കുന്നത് പുരാതന ക്രൈസ്തവ കലയിൽ കാണാം.




## റോമാസഭയും മാനിക്കേയനോ?




ചങ്ങനാശ്ശേരി സ്ലീവാ – ചങ്ങനാശ്ശേരി പഴയപള്ളിയിൽ. 14–ാം നൂറ്റാണ്ടിലേത്. (കല്ലിൽ കൊത്തിയത്).



മാർത്തോമ്മാ സ്ലീവാ. മദ്രാസ് – മൈലപ്പൂർ അതിരൂപതയിലെ പെരിയ മല (St Thomas Mount) യിലെ അത്ഭുതസ്ലീവാ (കല്ലിൽ കൊത്തിയത്) 7, 8 നൂറ്റാണ്ടിലേത്.



കോട്ടയം വലിയപള്ളിയിലെ സ്ലീവാ. 7, 8, നൂറ്റാണ്ടിലേത് - (കല്ലിൽ കൊത്തിയത്).




റോമിൽ മാർപ്പാപ്പയുടെ കത്തീഡ്രലിലെ സ്ലീവ. സെന്റ് ജോൺസ് ലാറ്ററൻ ബസിലിക്കയുടെ പ്രധാന ഭാഗത്തു സ്ഥിതി ചെയ്യുന്നു. (5-ാം നൂറ്റാണ്ടിലേത്.)




മിലാനിലെ പള്ളിയിലെ സ്ലീവ.



ഇറ്റലിയിൽ മിലാനിലെ പള്ളിയിലെ മറ്റൊരു സ്ലീവ.



ഇറ്റലിയിൽ പിയച്ചെൻസാ (Piaccensa) സ്ലീവ. പിയച്ചെൻസാ ദൈവാലയത്തിലെ സ്ലീവ.



റവന്ന സ്ലീവ - ഇറ്റലിയിൽ റവന്ന പള്ളിയിലെ സ്ലീവ.



കഴിഞ്ഞ പേജുകളിൽ കാണുന്ന കുരിശുകൾ പാശ്ചാത്യസഭയുടേതും സീറോ മലബാർ സഭയുടേതുമാണ്. മാർത്തോമാനസ്രാണി പൈതൃകത്തിൽ മാനിക്കേയിസം കാണുകയും റോമാസഭയുടെ പാരമ്പര്യത്തിൽ അതു കാണാതിരിക്കുകയും ചെയ്യുക യുക്തിസഹമല്ലല്ലോ. സെന്റ് ജോൺ ലാറ്ററൽ ബസിലിക്കയാണ് മാർപ്പാപ്പയുടെ ഔദ്യോഗിക കത്തീഡ്രൽ ദൈവാലയം. ആ ദൈവാലയത്തിന്റെ പ്രധാനഭാഗത്ത് വച്ചിരിക്കുന്ന കുരിശിന്റെ മുകളിലും പ്രാവിന്റെ രൂപം കാണുവാൻ സാധിക്കും. പ്രാവിന്റെ രൂപത്തിൽ മാനിക്കേയിസം കാണുന്നവർ മാർപാപ്പായെയും റോമാസഭയെയും മാനിക്കേയനെന്ന് പറയുവാനും മുതിർന്നേക്കാം! അതുപോലെ തന്നെ ലത്തീൻസഭയിൽപ്പെട്ട മൈലാപ്പൂരിലെ ഒരു സുപ്രധാന തീർത്ഥാടനകേന്ദ്രമായ സെന്റ് തോമസ് മൗണ്ട് ദൈവാലയത്തിന്റെ പ്രാധാനഭാഗത്താണല്ലോ പ്രാവോടുകൂടിയ മാർത്തോമാ സ്ലീവ പ്രതിഷ്ഠിച്ചിരിക്കുന്നത്. പോർട്ടുഗീസുകാരണ് ഈ കുരിശ് കണ്ടെടുത്തതും ദൈവാലയത്തിന്റെ പ്രധാനഭാഗത്ത് പ്രതിഷ്ഠിച്ച് ഇതിനെ 'അത്ഭുതസ്ലീവ'യെന്ന് വിശേഷിപ്പിച്ചതും ഇതിന്റെ തിരുനാൾ ആഘോഷിച്ചതും.

ലോകത്തുള്ള എല്ലാ ക്രൈസ്തവസഭകളും എക്കാലവും പ്രാവിനെ പരിശുദ്ധാത്മപ്രതീകമായി മനസ്സിലാക്കുന്നു. സാർവ്വത്രികമായി ക്രൈസ്തവ കലകളിൽ അതു ചിരപ്രതിഷ്ഠ നേടുകയും ചെയ്തിരിക്കുന്നു. എങ്കിലും മാർത്തോമാ സ്ലീവ വിവാദത്തോടനുബന്ധിച്ച് ഒരു ബെൻ തോമസ് *സത്യദീപത്തിൽ* 'ആഹാരം കഴിക്കുകയും കാഷ്ഠിക്കുകയും ചെയ്യുന്ന അല്പ പ്രാണിയായ പ്രാവ് സർവ്വശക്തനായ പരിശുദ്ധാത്മാവിനെ പ്രതീകവത്ക്കരിക്കുവാൻ തീർത്തും ഉചിതമല്ല' എന്നുപോലും എഴുതുകയുണ്ടായി. വി. ഗ്രന്ഥത്തെപ്പോലും ചോദ്യം ചെയ്യുന്ന ഇത്തരം 'വിജ്ഞാനി'കൾ ആഹാരം കഴിക്കുകയും വിസർജ്ജിക്കുകയും ചെയ്യുന്ന ബലഹീനമനുഷ്യനായി മിശിഹാ തമ്പുരാൻ ആഗതനായതിനെ അംഗീകരിക്കുന്നില്ല എന്നു പറയാതിരുന്നാൽ ഭാഗ്യം.

മൈലാപ്പൂർ, കോട്ടയം സ്ലീവാകളുടെ ചുറ്റുമുള്ള *പാഹ്ലവി* ലിഖിതങ്ങളാണ് മറ്റൊരു തെളിവായി ഉന്നയിക്കപ്പെട്ടത്. *പാഹ്ലവി* ഭാഷയുടെ സാന്നിധ്യം ഒന്നുകൊണ്ട് മാത്രം മാനിക്കേയൻ ആരോപണം തെളിയിക്കാൻ സാധ്യമല്ല. കാരണം മാനിക്കേയിസത്തെ ഏറ്റം ശക്തമായി എതിർത്ത സൊരാഷ്ട്രിയൻ മതത്തിന്റെ ഔദ്യോഗിക ഭാഷയായിരുന്നു *പാഹ്ലവി.* അതുപോലെ കേരളവും പേർഷ്യയും തമ്മിലുണ്ടായിരുന്ന ബന്ധം കണക്കിലെടുക്കുമ്പോൾ അന്നത്തെ ഭാഷ ഇവിടെ പ്രത്യക്ഷപ്പെട്ടതിൽ അത്ഭുതമൊന്നുമില്ല. ലിഖിതത്തിന്റെ വിവർത്തനമാണ് മാനിക്കേയൻ ആരോപണത്തിന്റെ കാതൽ. കുരിശു മാനിയുടേയോ മാനിക്കേയരുടേയോ ആയി

രുന്നെങ്കിൽ മാനി കണ്ടുപിടിച്ചതും മാനിക്കേയർ ഉപയോഗിച്ചിരുന്നതുമായ ലിപിയും ഭാഷയും[20] ഉപയോഗിക്കുകയായിരുന്നു സ്വാഭാവികം. *ഉർഫൻ* കൈയെഴുത്തു രേഖകൾ മാനിക്കേയർ ഭാഷയ്ക്കും രചനകൾക്കും ഉദാഹരണങ്ങളാണ്. *പൽമീറയിൻ* അക്ഷരമാലയിൽ നിന്ന് രൂപം കൊണ്ടതാണ് മാനിക്കേയർ ഭാഷ (21). ഔദ്യോഗികഭാഷ ഔദ്യോഗിക ചിഹ്നത്തിൽ ഉപയോഗിക്കുവാനാണല്ലോ സാധ്യത. മാനിയുടെ ലിപിയല്ല, *പാഹ്ലവി* ലിപിയാണ് മാർത്തോമാ സ്ലീവായിലുള്ളതു തന്നെ അതിനു മാനിക്കേയിസവുമായി ബന്ധമില്ലാത്തതിനു തെളിവാണ്.

മാനിക്കേയൻ ആരോപണത്തിന്റെ മറ്റൊരു തെളിവായി ഉന്നയിക്കപ്പെട്ടിട്ടുള്ളത് *പാഹ്ലവി* ലിഖിതങ്ങളുടെ  വിവർത്തനമാണ്. ഇതിനെക്കുറിച്ച് ഖണ്ഡിതമായി ആർക്കും ഒന്നും പറയാനാവില്ല. കാരണം പല പണ്ഡിതന്മാരും തികച്ചും വ്യത്യസ്തമായ പല വിവർത്തനങ്ങളും നല്കിയിട്ടുണ്ട്. ഏതാണ് ശരി എന്ന് ആധികാരികമായി പറയാൻ മാത്രം തെളിവുകൾ ഇന്ന് നിലവിലില്ല. പക്ഷേ, മി. പി.വി.കെ.മാത്യുവും ബർണ്ണലിന്റെ വിവർത്തനം സ്വീകരിച്ച് അതിനൊരു മാനിക്കേയൻ വ്യാഖ്യാനം കൊടുക്കാൻ വേണ്ടി തീർത്തും സത്യസന്ധതയില്ലാത്ത ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കാരണം ബർണ്ണലിന്റെ വിവർത്തനത്തിലെ ഒരു വാക്കു മാറ്റി എഴുതിയാണ് അതിനു മാനിക്കേയൻ ധ്വനി കൊടുത്തിരിക്കുന്നത്. ഡോ. എ. ഡി. ബർണ്ണൽ 1873–ൽ കൊടുത്ത വിവർത്തനം ഇങ്ങനെയാണ്: "In punishment by the Cross the suffering of this who is the true Christ and God above and guide ever pure" പി.കെ മാത്യു ഇതിലെ *Christ* എന്ന വാക്ക് *God* ആക്കി മാറ്റി. അബദ്ധം പറ്റിയതല്ല മനപൂർവ്വം സത്യവിരുദ്ധമായി പ്രവർത്തിച്ചതാണ്. കാരണം കൂട്ടത്തിൽ അദ്ദേഹം മലയാള വിവർത്തനവും കൊടുത്തിരിക്കുന്നു. കുരിശിന്റെ ശിക്ഷയിൽ 'പീഡകൾ'  സഹിച്ചതു സത്യദൈവവും, മുകളിലുള്ള ദൈവവും നിത്യം പരിശുദ്ധീകരിച്ചു നയിക്കുന്ന വഴികാട്ടിയുമാണ്. (*അസ്സീസി* , മെയ് 1991. പേജ് 27). ഇങ്ങനെയൊരു മാറ്റം മാത്യുവിന്റെ വ്യാഖ്യാനത്തിന് അനിവാര്യമാണ്. കാരണം കുരിശിൽ മരിച്ചത് ക്രിസ്തുവല്ല, പരിശുദ്ധാത്മാവാണ്. ആ പരിശുദ്ധാത്മാവാണ് മാനി. ഇതാണ് മാത്യുവിന്റെ ആരോപണത്തിന്റെ കാതൽ. അപ്പോൾ സത്യക്രിസ്തു എന്ന വാക്ക് അദ്ദേഹത്തിന്റെ വാദത്തിന്റെ അടിത്തറ മാന്തും. അതിനുവേണ്ടി ഉദ്ധരണി ചിഹ്നം പോലുമിട്ട് ഒരാളെ തെറ്റിച്ചുദ്ധരിക്കുവാൻ മാത്രം മൂല്യബോധമില്ലാത്ത ഒരു വ്യക്തി വൈജ്ഞാനിക സത്യസന്ധതയ്ക്കു മുമ്പിൽ ചോദ്യചിഹ്നമാകുന്നു. മി. മാത്യു ഇത് മനഃപൂർവ്വമാണ് ചെയ്തതെന്നതിന് മറ്റൊരു തെളിവുകൂടിയുണ്ട്. 1992 മാർച്ച് 4–ലെ *സത്യദീപത്തിൽ* അദ്ദേഹത്തിന്റെ തന്നെ മറ്റൊരു ലേഖനമുണ്ട്. അതിലദ്ദേഹം ബർണ്ണലിന്റെ പരിഭാഷ ശരിയായിട്ടാണു കൊടുത്തിരിക്കുന്നത്. അവിടെ അദ്ദേഹം അസ്സീസിയിലെ വ്യാഖ്യാനം കൊടുത്തിട്ടില്ല. അതുകൊണ്ടു തന്നെ ബർണ്ണലിന്റെ പരിഭാഷ മാനിക്കേയൻ കുരിശിനു തെളിവായി പറയുന്നത് തീർത്തും അടിസ്ഥാന രഹിതമായി മാറുന്നു. ഇത്തരം പാണ്ഡിത്യത്തിന്റെ ഉദാഹരണമാണ് മാനിക്കേയരുടെ ബേമാപെരുന്നാളിനെ സുറിയാനിപ്പള്ളികളിലെ ബേമ്മായുമായും മുസ്ലീങ്ങളുടെ ബീമാതിരുനാളുമായും ബന്ധിച്ചത്. മാനിക്കേയൻ ബേമാപ്പെരുന്നാൾ മാനിയുടെ സഹനത്തേയും മരണത്തേയും അനുസ്മരിപ്പിക്കുന്ന പെരുന്നാളാണ്[22]. എന്നാൽ മാർത്തോമാ നസ്രാണികളുടെ ബേമ്മ ഒരു പെരുന്നാളല്ല. അവരുടെ ദൈവാലയത്തിലെ വചന വേദിയാണ്. ഇവ തമ്മിൽ വാക്കിലൊഴികെ താരതമ്യത്തിന് ഒരടിസ്ഥാനമില്ല.



ഇനിയും മാനിക്കേയ്യ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ പി. വി. മാത്യുവിന്റെ ഗ്രന്ഥങ്ങളിൽ വിചിത്രഭാവനകൾ ഏറെയുണ്ടന്നറിയുമ്പോൾ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. ചില ഉദാഹരണങ്ങൾ:

1. കഴിഞ്ഞ യുഗത്തിലെ മനുഷ്യർ മലപോലെ വണ്ണമുള്ളരും പൊക്കമുള്ളവരും ആയിരുന്നു (*ചേരനാടു ചരിത്രം* P.5.)

2. മണിമേഖലാ കാവ്യം എഴുതിയത് മാനിയാണ് (*Ibid* p. 170)

3. മാന്ത്രികനായി മാനി ആകാശത്തിലൂടെ പറന്നാണ് ചേരനാട്ടിൽ വന്നത് (*ibid* p.55)

4. വെളിപാടു പുസ്തകം ചേരനാട്ടിലെ വിപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് (*ibid* p. 70)

5. ക്രിസ്തുവിന്റെ കല്ലറ കാശ്മീരിലാണ് (*സുഗന്ധനാടു നസ്രാണികൾ*).

6. ഓണം, മാനിക്കേയർ ബീമാ പെരുന്നാളിന്റെ തുടർച്ചയാണ് (*ചേരനാടു ചരിത്രം*)


ഇതിനെക്കുറിച്ച് അഭിപ്രായമൊന്നും പറയാതിരിക്കുന്നതല്ലേ ഉചിതം?

## മാർത്തോമ്മാസ്ളീവായിലെ ബുദ്ധമതകലയുടെ സ്വാധീനം

മാർത്തോമ്മാ സ്ളീവാ മാനിക്കേയൻ ആണെന്ന ആരോപണം അടിസ്ഥാന രഹിതമാണെന്നു വ്യക്തമാണല്ലോ. ഇനി മാനി ജനിക്കുന്നതിനു പോലും മുമ്പുണ്ടായിരുന്ന ബുദ്ധമതശില്പകലയുടെ സ്വാധീനമാണ് മാർത്തോമാസ്ലീവായുടെ കല എന്നു തെളിയിക്കുന്ന തെളിവുകൾ പുരാവസ്തു ഗവേഷണത്തിൽ നിന്നും കിട്ടിയിട്ടുണ്ട്. ചേന്നംകരി ഇടവകക്കാരനായ ഫാ. ആന്റണി നിരയത്തിന്റെ പരിശ്രമമാണ് ഇതിൽ ആദ്യം വെളിച്ചം വീശിയത്.

മാർത്തോമാസ്ലീവായുടെ താഴെയുള്ള ശില്പകല താമരപ്പൂവിന്റെ ബുദ്ധ

മത ചിത്രീകരണമാണെന്നു തെളിയിക്കാൻ കഴിയും. മദ്രാസിലെ മ്യൂസിയത്തിന്റെ ആർക്കിയോളജി വിഭാഗത്തിൽ ബുദ്ധമത ശില്പകലയുടെ ഒരു ശേഖരമുണ്ട്. അവിടെ നിന്ന് നേരിട്ട് എടുത്ത ചിത്രങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്.


ചിത്രം -1


ചിത്രം -2


ചിത്രം -3


ചിത്രം -4


ചിത്രം -5



ഒന്നാമത്തെ ചിത്രത്തിൽ വളരെ വ്യക്തമായും ഒരു താമരപ്പൂവിന്റെ മുകളിൽ ബുദ്ധൻ ഇരിക്കുന്ന ചിത്രമാണ്. (1). ഈ ശില്പം എ.ഡി. 2-ാം നൂറ്റാണ്ടിലേതാണ്. മാർത്തോമാസ്ലീവായുടെ താഴെയുള്ള ഭാഗവുമായി അസാധാരണമായ സാമ്യം ശ്രദ്ധിക്കുക. ബുദ്ധമതകലയുടെ വലിയ പ്രത്യേകതയാണ്, ബുദ്ധനെ താമരപ്പൂവിൽ ചിത്രീകരിക്കുന്നത്. ഇത്തരം നിരവധി ശില്പങ്ങൾ മദ്രാസിലുണ്ട്. മറ്റു ചിത്രങ്ങളും ശ്രദ്ധിക്കുക. ഇരുവശങ്ങളിലുമുള്ള സ്തംഭങ്ങൾ ഒരു ആർച്ചായി മാറുന്നതു ബുദ്ധമതകലയുടെ പ്രത്യേകതയാണെന്ന് ചിത്രങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ (ചിത്രം 2,3,4). മാർത്തോമാ സ്ലീവായുടെ ഇരുവശങ്ങളിലുമുള്ള സ്തംഭങ്ങളും ആർച്ചും ഈ ബുദ്ധമതകലയോട് വളരെയേറെ സദൃശമാണെന്ന് വ്യക്തമാണ്. ഒരു ശില്പത്തിന്റെ മുകൾഭാഗം ഒരു ആർച്ചാണ് (ചിത്രം 3). കോട്ടയം വലിയ പള്ളിയിലെ സ്ലീവായുടെ ആർച്ചുമായി അതിശയകരമായ സാമ്യമുണ്ടിതിന്. കോട്ടയം വലിയപള്ളിയിലെ സ്ലീവാ സ്തൂപങ്ങളുടെ മധ്യത്തിലാണ്. മുകളിലുള്ള ആർച്ചിന് മദ്ധ്യത്തിൽ മറ്റൊരു ചെറിയ സ്ലീവാകൂടിയുണ്ട്. അതുപോലെ തന്നെ ഈ ചിത്രത്തിലും ആർച്ചിന്റെ മധ്യത്തിൽ ചെറിയ ബുദ്ധനെ കൊത്തിയിരിക്കുന്നു. ഈ ചിത്രങ്ങൾ സംശയാതീതമായി മാർത്തോമാ സ്ലീവായുടെ ശില്പകല ബുദ്ധമതകലയാണെന്നു, തെളിയിക്കുന്നു. മദ്രാസ് മ്യൂസിയത്തിലെ ഈ ശില്പങ്ങൾ എ.ഡി. 2-ാം നൂറ്റാണ്ടിലേതാകുമ്പോൾ (3-ാം നൂറ്റാണ്ടിലുണ്ടായ മാനിക്കേയസത്തിന്റെ സ്വാധീനമാണികലയെന്ന് ഇനിയൊരു 'പണ്ഡിതൻ' പറയില്ലെന്നു പ്രത്യാശിക്കാം.

എ.ഡി. ഒന്നു മുതൽ അഞ്ചുവരെ നൂറ്റാണ്ടുകൾ ഇന്ത്യയിൽ ബുദ്ധമതത്തിന്റെ സുവർണ്ണ കാലമായിരുന്നുവെന്നു ചരിത്രം പറയുന്നു. അങ്ങനെയെങ്കിൽ ക്രൈസ്തവമതം ഇവിടെ വേരുപിടിച്ച കാലഘട്ടത്തിൽ തങ്ങളുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ സ്ലീവയെ തങ്ങളുടെ ചുറ്റും ജീവിക്കുന്ന ജനത്തിന്റെ വിശ്വാസകേന്ദ്രത്തിനു പകരം പ്രതിഷ്ഠിക്കാൻ തയ്യാറായ മാർത്തോമ്മാ നസ്രാണികളുടെ വിശ്വാസതീക്ഷ്ണതയേയും അനുരൂപണ മനോഭാവത്തേയും പ്രശംസിക്കാതെ വയ്യ. മാത്രമല്ല, ഇത് ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികളുടെ അനന്യമായ പൈതൃകവുമായി മാറുന്നു. പേർഷ്യൻ സഭ പോലും ഉപയോഗിക്കാതിരുന്ന ഒരു സ്ലീവ ഉപയോഗിച്ചതിൽ നിന്നു മാർത്തോമാ നസ്രാണികൾക്ക് തങ്ങളുടെ സഭയുടെ വ്യക്തിത്വത്തെപ്പറ്റി തികഞ്ഞ അവബോധമുണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കുവാൻ?

മാർത്തോമാ സ്ലീവായുടെ ശില്പകല മനസ്സിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. സ്ലീവയുടെ പുഷ്പിത മുകുളങ്ങളായി മാറുന്ന അഗ്രങ്ങൾ നവജീവിതത്തേയും ഉത്ഥാനത്തേയും സൂചിപ്പിക്കുന്നു.

2. സ്ലീവയ്ക്കു താഴെയുള്ള താമരപ്പൂവ്.

3. അതിനും താഴെ പടികൾ (ഗാഗുൽത്താ സൂചിതം)

4. പ്രാവ് പരിശുദ്ധാത്മകപ്രതീകം.

മൈലാപ്പൂർ, കോട്ടയം തുടങ്ങി നിരവധി സ്ലീവകളിൽ ഈ ഘടകങ്ങളെല്ലാം ഉണ്ട്. അവയെല്ലാം ഭിത്തിപോലെയുള്ള പ്രതലത്തിൽ കൊത്തിയുണ്ടാക്കപ്പെട്ടവയാണെന്നു ശ്രദ്ധിക്കുക. ഇതിലെ ചില ഘടകങ്ങളെ ശില്പകലയുടെ പ്രായോഗിക സാധ്യതയ്ക്കു വേണ്ടി ഒഴിവാക്കിയും മാർത്തോമ്മാ സ്ലീവകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും പള്ളികളുടെ മുമ്പിലെ കുരിശടികൾ അങ്ങനെയാണ് നിർമ്മിക്കപ്പെട്ടത്. പ്രാവിന്റെ രൂപവും തള്ളി നില്ക്കുന്നതുപോലെയുള്ള താമരയുടെ ചിത്രീകരണവും ഒഴിവാക്കിയത് അടർന്നുപോകുവാനുള്ള സാധ്യതകൊണ്ടാണെന്നു വേണം അനുമാനിക്കാൻ. താമരപ്പൂവ് ബുദ്ധമതകലയിൽ കാണുന്നതുപോലെ തന്നെ വേറെ രീതിയിൽ ചിത്രീകരിച്ചിരുന്നുവെന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. ചിത്രത്തിൽ ചേർത്തിരിക്കുന്ന മലയാറ്റൂർ കുരിശടിയിലെ താമരപ്പൂവ് ശ്രദ്ധിക്കുക (ചിത്രം 5). ഒരു നൂറ്റാണ്ടെങ്കിലും പഴക്കമുള്ള എല്ലാ ദേവാലയങ്ങളുടെ മുമ്പിലും ഇത്തരം സ്ലീവകൾ ഉണ്ട്. കോതമംഗലം, അതിരമ്പുഴ, കുറവിലങ്ങാട്, അങ്കമാലി, കാഞ്ഞൂർ, ചങ്ങനാശ്ശേരി, പാല, മുട്ടുചിറ, കുന്നംകുളം എന്നുവേണ്ട കത്തോലിക്കരുടേയും യാക്കോബായക്കാരുടേയും എല്ലാ പഴയ പള്ളികളിലും ഇത്തരം സ്ലീവകളുണ്ട്. അവയിലെല്ലാം പുഷ്പിത മുകുളങ്ങളായ അഗ്രങ്ങളും താമരപൂവും പടികളും കാണുന്നുണ്ട്. എന്നു മാത്രമല്ല അങ്ങനെയല്ലാതെ മാർത്തോമാ നസ്രാണികൾ സ്ലീവകൾ നിർമ്മിച്ചിരുന്നില്ല. ഈ പ്രത്യേകതകളില്ലാത്ത ഒരു സ്ലീവാപോലും ഒരു നൂറ്റാണ്ടിനപ്പുറം പഴക്കമുള്ളത് എന്ന കാര്യം അത്യന്തം ശ്രദ്ധാർഹമാണ്. ലോകത്തിലെ മറ്റൊരു സഭയും – 'പൗരസ്ത്യസഭകളടക്കം – ചെയ്യാത്തതുപോലെ പള്ളിയുടെ മുമ്പിൽ കുരിശിൻ തൊട്ടികൾ പണിയുകയും അവിടെയെല്ലാം മാർത്തോമ്മാസ്ലീവകൾ സ്ഥാപിക്കുകയും അവയ്ക്കു പ്രത്യേക വണക്കം കൊടുക്കുകയും ചെയ്തിരുന്ന നമ്മുടെ പൂർവ്വികർ യാദൃച്ഛികമായാണോ അങ്ങനെ ചെയ്തത്? ഈ ശില്പകലയുടെ സ്വാധീനം സ്ലീവകളിൽ മാത്രമല്ല പഴയ മാമ്മോദീസ തൊട്ടികളിലും കാണാനുണ്ടെന്നതും ശ്രദ്ധേയമാണ്. ഇടപ്പള്ളി, കോതമംഗലം, വലിയപള്ളി, ചെറിയപള്ളി തുടങ്ങി പഴയ മാമ്മാദീസാ തൊട്ടികളെ കുരിശടിയെപ്പോലെയുള്ള താമരപ്പൂവിന്റെ ആകൃതിയിലാണ്.



ഏതായാലും ഒന്നുതീർച്ച. ലോകത്തിലെ മറ്റൊരു സഭയ്ക്കുമില്ലാത്ത ദൈവശാസ്ത്ര ദർശനം തുളുമ്പുന്ന, ശില്പകലയിലെ ഭാരതീയസംസ്കാരം, സ്വാംശീകരിച്ചെടുത്ത മാർത്തോമാ സ്ലീവാ മാർത്തോമാ നസ്രാണികളുടെ അനന്യമായ മുഖമുദ്രയും പൊതുപൈതൃകവുമാണ്.

## ക്രൂശിതരൂപങ്ങളെല്ലാം കർത്താവിന്റേത് തന്നെയോ?

കടകളിൽ പല തരത്തിലുള്ള ക്രൂശിതരൂപങ്ങൾ വില്പനയ്ക്കു വച്ചിരിക്കുന്നതായി കാണാം. ക്രൂശിതരൂപങ്ങളെല്ലാം തടിയിലോ ലോഹങ്ങളിലോ കളിമണ്ണിലോ, പ്ലാസ്റ്റിക്കിലോ ഒക്കെ രൂപപ്പെടുത്തിയെടുക്കുന്നവയാണ്. ഈ രൂപങ്ങൾക്കു പരസ്പരം സാദൃശ്യമില്ല. വഴിവക്കത്തിരുന്ന് നാടോടികളും ക്രൂശിതരൂപങ്ങൾ ഉണ്ടാക്കി മറ്റു രൂപങ്ങളോടൊപ്പം വിൽക്കുന്നത് ഒരു സാധാരണ ദൃശ്യമാണല്ലോ. എന്നാൽ ആ രൂപങ്ങളുടെ മുഖം പരിശോധിച്ചാൽ അവയെല്ലാം ഒരാളിന്റേതെന്നു പറയാൻ ആർക്കെങ്കിലും സാധിക്കുമോ? കർത്താവിനെയോ മാതാവിനെയോ, നേരിട്ടു കണ്ടു ബോധ്യപ്പെടാത്തവർക്ക് എങ്ങനെ അവയുടെ തനിരൂപം ആവിഷ്ക്കരിക്കാൻ സാധിക്കും? ക്രൂശിതരൂപം ഉണ്ടാക്കിയശേഷം അതു കർത്താവിന്റേതാണെന്നും പറയുമ്പോൾ മാത്രമല്ലേ അതു കർത്താവിന്റേതാകുന്നത്? മൂന്നു ക്രൂശിതരൂപങ്ങൾ ഉണ്ടാക്കിയിട്ട് ഒന്നു കർത്താവന്റേതെന്നും മറ്റൊന്ന് നല്ല കള്ളന്റേതെന്നും പറഞ്ഞ് മൂന്നു വ്യത്യസ്ത സ്ഥലത്തു വച്ചാൽ അതിൽ ഏതാണു കർത്താവിന്റേതെന്നു തിരിച്ചറിയാൻ സാധിക്കുമോ? ഒരിക്കൽ ക്രിസ്തുമതത്തെ പീഡിപ്പിച്ചിരുന്ന ഒരു രാജാവിന്റെ കൊട്ടാരത്തിൽ തന്റെ സിംഹാസനത്തിന്റെ മുമ്പിലെ പരവതാനിയിൽ ഒരു കുരിശു ചിത്രീകരിച്ചിരിക്കുന്നതായി വായിച്ചിട്ടുണ്ട്. തന്നെ കാണാൻ വരുന്നവരെയൊക്കെ അതിൽ ചവിട്ടിനിന്നുകൊണ്ടുവേണം രാജാവിനെ മുഖം കാണിക്കാൻ. ഇപ്രകാരം രാജാവിനെ മുഖം കാണിക്കാനെത്തിയ ഒരു മിഷനറി വൈദികൻ, അത് ഇടത്തുവശത്തുകിടന്ന കള്ളന്റെ കുരിശാണെന്നു പറഞ്ഞ് അതിൽ ചവിട്ടിനിന്നുകൊണ്ട് രാജാവിനെ മുഖം കാണിച്ചതായി വായിച്ചത് ഓർക്കുന്നു. ഇങ്ങനെ വൈവിധ്യമാർന്ന കുരിശുകൾ ഉള്ളപ്പോൾ ഏതെങ്കിലുമൊന്നിനെ മനിക്കേയനെന്നോ, വേറൊന്നിനെ ഇടത്തുവശത്തെ കള്ളന്റെ കുരിശെന്നോ, നല്ല കള്ളന്റെ കുരിശെന്നോ ഒക്കെ വിശേഷിപ്പിക്കാൻ പറ്റുമോ? നമ്മൾ എന്ത് അർത്ഥമാണ് അതിനു കൊടുക്കുന്നത് എന്നതാണു പ്രധാനം. നസ്രാണിപൈതൃകത്തിലെ പരിപാവനമായ മാർത്തോമാസ്ലീവായെ മാനിക്കേയനെന്നു പറയുന്നതു ചരിത്രപരമായോ തത്ത്വശാസ്ത്രപരമായോ ദൈവശാസ്ത്രപരമായോ നീതികരിക്കാനാവുന്നതല്ല.

## ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പൗവത്തിൽ പിതാവിന്റെ ഇടയലേഖനത്തിൽ നിന്ന്

ഒരാരോപണം മാർത്തോമ്മാ സ്ളീവാ മാനിക്കേയനാണെന്നാണ്. മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ചിരുന്ന മാനി എന്ന അബദ്ധപ്രബോധകൻ രൂപം കൊടുത്തതാണ് മാനിക്കേയൻ മതം. ക്രിസ്തുമതത്തിന്റെ ചില ആശയങ്ങൾ മാനിക്കേയൻ മതത്തെ സ്വാധീനിച്ചിട്ടുണ്ടെന്നല്ലാതെ, അടിസ്ഥാനപരമായ കാര്യങ്ങളിൽ തികച്ചും വ്യത്യസ്തമാണത്. ഈ മതവും മാർത്തോമാസ്ളീവയുമായി യാതൊരു ബന്ധവുമില്ലെന്നുള്ളതാണ് വസ്തുത. മാനിക്കേയൻ മതത്തെക്കുറിച്ച് ആധികാരകമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിലോ രേഖകളിലോ കുരിശിനെക്കുറിച്ച് യാതൊരു പ്രതിപാദനവും കാണുന്നില്ല. ഈ സ്ളീവായുടെ അടിസ്ഥാനത്തിൽ ആരെങ്കിലും മാനിക്കേയൻ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതായി കേട്ടുകേൾവി പോലുമില്ല. മാർത്തോമാ സ്ലീവായെ മാനിക്കേയൻ മതവുമായി ബന്ധപ്പെടുത്തിയുള്ള കഥകൾ വെറുതെ കെട്ടിച്ചമച്ചവയാണ്. സ്ലീവായുടെ മുകളിൽ പറന്നിറങ്ങുന്ന പ്രാവിന്റെ ചിത്രീകരണമാണ് അതിനെ മാനിക്കേയനാണെന്നു വിളിക്കാൻ ചിലരെ പ്രേരിപ്പിക്കുന്നത്. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായി പ്രാവിനെ അവതരിപ്പിക്കുന്നത് സുവിശേഷത്തിൽ അധിഷ്ഠിതവും സാർവ്വത്രികസഭ അംഗീകരിച്ചിരിക്കുന്നതുമാണ്. കുപ്രചരണങ്ങൾ നടത്തി ആളുകളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നവരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കാൻ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ആളുകളെ വികാരാവേശം കൊള്ളിച്ച് വശത്താക്കാൻ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞുപരത്താനും അവർ മടിക്കില്ല. "വ്യാജപ്രവാചകരെ സൂക്ഷിച്ചുകൊള്ളുവിൻ" (മത്തായി 7:15) എന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. അതിനാൽ ഇതുപോലുള്ള കാര്യങ്ങളിൽ സഭയുടെ ആധികാരികമായ പഠനങ്ങളും രൂപതാദ്ധ്യക്ഷൻ നൽകുന്ന നിർദ്ദേശങ്ങളും എന്തെന്നു മനസ്സിലാക്കി അവയ്ക്കനുസരിച്ചു പ്രവർത്തിക്കണമെന്ന് എല്ലാവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

## തലശേരി പിതാവിന്റെ ഇടയലേഖനത്തിൽ നിന്ന്

മാർത്തോമാ കുരിശിനെ എതിർക്കുന്നവർ അതിനു കാരണമായി പറയുന്നത് ഇത് മനിക്കേയൻ കുരിശാണെന്നാണ്. ഈ വാദം സത്യത്തിനു നിരക്കാത്തതും ഭാവനാസൃഷ്ടിയുമാണ്. വളരെക്കാലമായി നമ്മുടെ സഭയിൽ നിലവിലുണ്ടായിരുന്ന ഈ കുരിശിനെപ്പറ്റി ഇങ്ങനെ ഒരു വാദഗതി കേട്ടുതുടങ്ങിയിട്ടു കുറച്ചുകാലമേ ആയിട്ടുള്ളു. മാനിക്കേയിസം എന്താണെന്നറിഞ്ഞെങ്കിലേ ഈ വാദഗതിയിലെ കഴമ്പില്ലായ്മ മനസ്സിലാകു.



മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ചിരുന്ന മാനി എന്നൊരാൾ പ്രചരിപ്പിച്ച പ്രസ്ഥാനമാണ് മാനിക്കേയിസം. 7-ാം നൂറ്റാണ്ടോടെ ഇത് അപ്രത്യക്ഷമാകുകയും ചെയ്തു. മാനി ജയിലിൽ കിടന്ന് മർദ്ദനമേറ്റാണ് മരിച്ചതെന്ന് ചരിത്രരേഖകളുണ്ട്. മാനിക്കേയൻ മതവും കുരിശുമായി എന്തെങ്കിലും ബന്ധമുള്ളതായോ, മനിക്കേയൻ മതക്കാർക്ക് കുരിശുണ്ടായിരുന്നതായോ ഈ മതത്തെക്കുറിച്ച് ഔദ്യോഗികമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിലൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. Encyclopaedia Britannica, New Catholic Encyclopaedia തുടങ്ങിയ വിശ്വവിജ്ഞാനകോശങ്ങളിലും *Sacramentum Mundi* പോലെയുള്ള അംഗീകൃത ദൈവശാസ്ത്ര ഗ്രന്ഥങ്ങളിലും മാനിക്കയിസത്തെപ്പറ്റി സാമാന്യം ദീർഘമായ വിവരണങ്ങളുണ്ട്. എന്നാൽ, അതിലൊന്നും മാനിക്കേയിസത്തിൽ കുരിശുണ്ടായിരുന്നതായോ, അതിന് ഒരു ദൈവശാസ്ത്രമുള്ളതായോ കാണുന്നില്ല. അതുപോലെ, മാർത്തോമാ ക്രിസ്ത്യാനികൾക്ക് മാനിക്കേയിസവുമായി ബന്ധമുള്ളതായി ചരിത്രരേഖകളൊന്നുമില്ല. 16-ാം നൂറ്റാണ്ടിൽ വന്ന മിഷനറിമാർ, ഇവിടുത്തെ സഭയിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചെങ്കിലും മാനിക്കേയൻ സ്വാധീനത്തെപ്പറ്റി ഒരിക്കൽപോലും പറഞ്ഞിട്ടില്ല. കുരിശിൽ കാണുന്ന *പഹ്ലവി* ഭാഷയ്ക്കും മാനിയുമായി ബന്ധമില്ല്. അവരുടേത് ഈസ്റ്റേൺ അരമായിക് ഭാഷയായിരുന്നു. മാത്രമല്ല, ഈ കുരിശിൽ എഴുതിയിരിക്കുന്നത്: "നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസിക്കുവാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" എന്നാണെന്ന് ഭാഷാപണ്ഡിതരും പുരാവസ്തു ഗവേഷകരും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വാക്യം വി. പൗലോസിന്റെ ഗലാത്തിയർക്കെഴുതിയ ലേഖനം 6-ാം അദ്ധ്യായം 14-ാം വാക്യമാണ്. അടിസ്ഥാനരഹിതമായ വാദമുഖങ്ങൾ കെട്ടിച്ചമച്ച്, സാധാരണ വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച്, ഈ സ്ലീവാ മാനിക്കേയനാണെന്നു പ്രചരിപ്പിക്കുന്നത് സഭയിൽ ഭിന്നതയും അന്തഛിദ്രവുമുണ്ടാക്കാനാണെന്നു നമ്മൾ തിരിച്ചറിയണം.

അതേസമയം മർത്തോമാസ്ളീവായുടെ സ്വീകാര്യതയ്ക്ക് നമുക്കു നിഷേധിക്കാൻ പറ്റാത്ത അനേകം കാരണങ്ങളുണ്ടുതാനും.

### Notes


1. Liber Margaritarum, in *MAI A, Scriptorum veterum Nova Colletia X*,
2. Rome 1938, p. 361.
2. Bedjan, *Breviarium II* Rome 1938, 282, line 20ff.

3. Ibid, p. 311, line 12 ff
4. Mar Aprem, *Hymni de Paschate*, VII, 10 in: E - Beck (ed), CSCO, Vol 244, p. 60
5. *Hymni de Virginitate*, CSCO, Vol. 224 VII, 10. P. 60.
6. *Sermones in Hebdamadam Sanctam*, 1081 - 1096, in: CSCO, Vol. 413, Louvain1979, p. 107
7. *Breviarium, Lenten Season, onitha d' Sapra*
8. കൈത്താക്കാലം, ചൊവ്വ, ലെലിയ, ഓനീസ് ദ്മൗത്വ
9. Mar Aprem, *Hymni et Sermones*, IV, 769, 2 (T. J. Lang (tr) Arsokrilt 1902 - p.126.
10. Tomneau (cd), *Homilies Catechet*, 132 - 135
11. J. A . Jungman, *Pastoral Liturgy* (Challence publications 1962) 392.
12. Dr. Thomas Mannooramparampil, *ആരാധനാസമൂഹം വി. കുർബാനയിൽ* (കോട്ടയം, 1986) 120
13. Bedjan, III, 292
14. Hennecke, N.T. *Apocrypha, I*, London 1975 P. 200
15. *ആരാധനാസമൂഹം വി. കുർബാനയിൽ* p. 21
16. *Liber Margararum*, p. 361 -362
17. J. Raulin, *Historia Ecclesiae Malabaricae*, Romae 1745 p. 394
18. Paulino da Bartolomeo, Viaggi all, *Indie Orientali*, Romae 1796, p. 136
19. A. A. Bevan, *Encyclopedia of Religion and Ethics*, vol 8, New york 1964, p. 398
20. J. Ries, *New Catholic Encyclopedia*, New York, 1967, p. 158.
21. Ibid p. 160
22. Ibid. p. 158